# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.26/1793/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.26/1793/2023 തീയ്യതി: 08/09/2023

## മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2022 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ കെ കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2023 | 03-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-07-2023 | 03-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അബ്ദുൽ സത്താർ സി പി (ഓഡിറ്റ് ഓഫീസർ)
ശ്രീ മുഹമ്മദ് ഫസലുറഹ്മാൻ എം (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ ആലസ്സൻകുട്ടി യു (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി ഹസ്ന വി സി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി മുഹമ്മദലി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ഷമിൽ ഇ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്ദ എസ് ആർ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ മധുസൂദനൻ സി എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ ഷാജി അറക്കൽ | മെഡിക്കൽ ഓഫീസർ പി എച് സി | 01-04-2022 | 31-03-2023 |
| ശ്രീ ഷൈജു പി | വി ഇ ഒ | 01-04-2022 | 31-05-2022 |
| ശ്രീ ഫിറോസ് പി | വി ഇ ഒ | 01-06-2022 | 31-03-2023 |
| ശ്രീമതി ജയശ്രീ പി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി ഷാനി ജസ്റ്റി എ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ശ്രീ വിനോദ് കുമാർ കെ പി | കൃഷി ഓഫീസർ | 01-04-2022 | 04-08-2022 |
| ശ്രീ മൃദുൽ വിനോദ് പി | കൃഷി ഓഫീസർ | 05-08-2022 | 31-03-2023 |
| ശ്രീമതി പങ്കജവല്ലി കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി മീരമോൾ ടി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-01-2023 |
| ശ്രീ റിജീഷ് കെ എം | അസിസ്റ്റന്റ് എഞ്ചിനിയർ ഇൻ ചാർജ് | 01-02-2023 | 31-03-2023 |
| ഒഴിവ് | ലേഡി വി ഇ ഒ | 01-04-2022 | 31-05-2022 |
| ശ്രീ വിജയശ്രീ എൽ | ലേഡി വി ഇ ഒ | 01-06-2022 | 31-03-2023 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം. | 1-3 |
| 8 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപദ്ധതികൾ | 1-7 |
| 12 | ക്യാഷ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | തനത് വരുമാന സമാഹരണം - അവലോകനം. | 1-11 |
| 16 | നിക്ഷേപ പ്രവൃത്തികൾ-അവലോകനം | 1-12 |
| 17 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-13 |
| 18 | തൊഴിൽ നികുതി-അപാകതകൾ | 1-14 |
| 19 | വാടക പിരിവ്- അപാകതകൾ | 1-15 |
| 20 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-16 |
| 21 | ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു. | 1-17 |
| 22 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ -തുടർനടപടി സ്വീകരിച്ചിട്ടില്ല. | 1-18 |
| 23 | കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-19 |
| 24 | വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണം- അപാകതകൾ | 1-20 |
| 25 | ഹോമിയോ മരുന്ന് ലഭ്യമായില്ല. | 1-21 |
| 26 | പരിരക്ഷാ പദ്ധതി- അപാകതകൾ | 1-22 |
| 27 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - രേഖകൾ ലഭ്യമല്ല | 1-23 |
| 28 | മണക്കാട്ട് അമ്പലം-കോഴിപ്പുറം എച്ച്.ഡി ലൈൻ മാറ്റി സ്ഥാപിക്കൽ | 1-24 |

| | | |
|---|---|---|
| | ച്ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ചെയ്തു | |
| 29 | പഞ്ചായത്ത് ഓഫീസിൽ സോളാർ ബാറ്ററി സ്ഥാപിക്കൽ -അനുബന്ധ രേഖകൾ ലഭ്യമല്ല | 1-25 |
| 30 | ഫർണ്ണിച്ചർ വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-26 |
| 31 | അംഗനവാടിക്ക് സ്ഥലം വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-27 |
| 32 | വാഹന പരിപാലനം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-28 |
| 33 | വിവിധ സ്ഥാപനങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല | 1-29 |
| 34 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമല്ല. | 1-30 |
| 35 | സർക്കാർ ഉത്തരവിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും പർചേസ് നടത്തി | 1-31 |
| 36 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- നിർമ്മാണം പൂർത്തിയായിട്ടില്ല | 1-32 |
| 37 | അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല. | 1-33 |
| 38 | പച്ചക്കറി വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-34 |
| 39 | ധാതുലവണമിശ്രിത വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-35 |
| 40 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-36 |
| 41 | കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-37 |
| 42 | ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല | 1-38 |
| 43 | ഡ്രൈനേജ് പ്രവൃത്തി -മണ്ണ് നീക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു | 1-39 |
| 44 | എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ₹ 7325 തിരിച്ചടച്ചു | 1-40 |
| 45 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-41 |
| 46 | സെക്യൂരിറ്റി ഡോപ്പോസിറ്റ് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല | 1-42 |
| 47 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ. | 1-43 |
| 48 | ഐ.സി.ഡി.എസ്-കാഷ് ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-44 |
| 49 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി | 1-45 |
| 50 | എസ്.എസ്.കെ വിഹിതം - പ്രൊജക്റ്റ് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പച്ചക്കറി വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-1 |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് പള്ളിക്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.07.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 10.07.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരാമയ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണ്ണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 റെസിപ്റ്റ് & പെയ്മെന്റ് മുന്നിരിപ്പ് തുകയിൽ വ്യത്യാസം

മുൻവർഷത്തെ (2021-22) വാർഷിക കണക്കിലെ നീക്കിയിരിപ്പ് തുക 6,24,50,743/- രൂപയാണ്. എന്നാൽ തൻവർഷത്തെ മുന്നിരിപ്പായി ചേർത്തിട്ടുള്ളത് 6,24,50,753/- രൂപ. വ്യത്യാസം 10 രൂപ.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി

പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും(-542932) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-2405465) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 22-03-2022 | 3/1 തീയതി. 25-02-2023 |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 6,24,50,753 |
| വരവ് | 8,04,04,944 |
| ആകെ | 14,28,55,697 |
| ചെലവ് | 8,28,10,409 |
| നീക്കിയിരിപ്പ് | 6,00,45,288 |

കുറിപ്പ് : 2021-22 വാർഷിക കണക്ക് പ്രകാരം 31.03.2022 ലെ നീക്കിയിരിപ്പ് 6,24,50,743/- രൂപയാണ്. അപാകത വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 33528267 | 33528267 | 28537986 | 4990281 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8675495 | 8675495 | 6957904 | 1717591 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12553000 | 12553000 | 2146654 | 10406346 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7006000 | 7006000 | 4715264 | 2290736 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 0 | 5863715 | 5863715 | 1672273 | 4191442 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 0 | 12578153 | 12578153 | 6863274 | 5714879 |
| ബി ഫണ്ട് | 0 | 59526300 | 59526300 | 59526300 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 310 | 199782231 | 153 | 85258531 | 1 | 156 | 49.35 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4250 | 959989 | 964239 | 470084 | 494155 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 32759536 | 32759536 | 32759536 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2316800 | 1490 |
| വിധവാപെൻഷൻ | 16329800 | 10302 |
| വാർദ്ധക്യകാലപെൻഷൻ | 33339800 | 21856 |
| വികലാംഗപെൻഷൻ | 7062900 | 4457 |
| വിവാഹ ധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 352000 | 220 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2023 ന് 04.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37074/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 23(1) എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് നാളിതുവരെയായി മറുപടി ലഭ്യമാക്കിയിട്ടില്ല.
2. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ലഭിച്ച വിവിധ തപാലുകൾ സെക്ഷനുകൾക്ക് തുടർ നടപടിക്ക് കൈമാറിയിട്ടില്ല.
3. സെക്ഷനുകൾ കൈപ്പറ്റിയ തപാലുകളുടെ വിവരം രേഖപ്പെടുത്തി പേർസണൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തപാലുകളിൽ സമയ ബന്ധിതമായി തുടർ നടപടി സ്വീകരിച്ചോ എന്നത് പരിശോധിക്കാനായിട്ടില്ല.
4. തെരുവ് വിളക്ക് പരിപാലനത്തിന് വൻ തുക ചെലവഴിക്കുന്നുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. കുടിശ്ശിക ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നില്ല.
6. പഞ്ചായത്ത് കോമ്പൗണ്ടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് സെക്രട്ടറി നടപടികൾ സ്വീകരിച്ചിട്ടില്ല. ഹരിത കർമ്മ സേനയ്ക്ക് കൈമാറേണ്ട പാഴ്‌വസ്തുക്കൾ അപ്രകാരം ചെയ്യാതെ ഓഫീസ് കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുകയാണ്. ഉപയോഗ ശൂന്യമായ ഉപകരണങ്ങളും വസ്തുക്കളും, കാലാവധി തീർന്ന ഫയലുകളും രജിസ്റ്ററുകളും നിയമാനുസൃതം നീക്കം ചെയ്യേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| എ.ജി ഓഡിറ്റ് | 23.07.2019 | 2014-15 മുതൽ 2018-19 വരെ | 30.09.2019 |
| പെർഫോമൻസ് ഓഡിറ്റ് | 23.06.2019 | 01/22 മുതൽ 05/22 വരെ | 24.06.22 |

## 1-11 തനത് വരുമാന സമാഹരണം - അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 14 മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. 2022-23 വർഷത്തെ വസ്തു നികുതി 100% പിരിക്കുന്നതിനു വേണ്ടി നികുതി പിരിവ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി 7/10/22, 5/01/22 എന്നീ തിയതികളിലായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 08.2.23, 08.03.23 എന്നീ തിയതികളിലെ മീറ്റിംഗിൽ നികുതി പിരിവിന്റെ പുരോഗതി വിവരം ചർച്ചചെയ്തിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം അവസാനിക്കുമ്പോഴും 841630/-(മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ) പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ച കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 23.06.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/2(1) നമ്പർ തീരുമാന പ്രകാരം 21.07.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേൽ തീരുമാന പ്രകാരം തന്നെ മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച കൊണ്ടുമുള്ള നോട്ടീസും (കരട്)

പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ ദ്വിതീയ മേഖലയിൽ ചെറിയ മാറ്റം വരുത്തിയതിനു പുറമെ അതേ പടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തിരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരുവിലും_പരിഗണിച്ചോ എന്നുള്ളത് വ്യകതമല്ല. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. (സ.ഉ.(പി)88/2013/ത.സ്വ.ഭ.വ. തിയതി 13.03.13 നമ്പർ ഉത്തരവ് പ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ്/വർദ്ധനവ് സംബന്ധിച്ച വ്യക്തത വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം 5 മീ. കൂടുതൽ വീതിയുള്ള റോഡ്, 5 മീ. കുറവ് 1½ മീ. കൂടുതൽ വീതിയുള്ള റോഡ്, 1½ മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് എന്നിവ വ്യക്തമാക്കി വിജ്ഞാപനം ചെയ്യേണ്ടതാണ്).

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1543 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തുന്നില്ല. വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്ത് നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). 2022-23 വർഷത്തേക്കുള്ള റിവൈസ്ഡ് ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 1,25,00,000 രൂപ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ILGMS പ്രകാരം 9351310/- രൂപയുടെ വരവ് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

2). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം

നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

4). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടം അല്ലെങ്കിൽ കൈവശക്കാരനോട്ടം മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

മറ്റിനങ്ങൾ

ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രമാപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

വിനോദ നികുതി ഇനങ്ങളിൽ നിലവിൽ വരവൊന്നും ഇല്ല. അമ്യൂസ്മെന്റ് പാർക്ക്/ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ (ഗ്രാമപഞ്ചായത്ത് പരിധിയിൽ 9ാം വാർഡിൽ മെറിവേൾഡ് എന്ന അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നുണ്ട്) നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതി ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാനം നേടാവുന്നതാണ്.

പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികൾ-അവലോകനം

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [ഓഡിറ്റ് എൻക്വയറി നമ്പർ-6/25.7.2023] നൽകുകയും, ആയതിന് സ്ഥാപനം 29.7.2023 ന് ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തു വരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് ചെയ്ത തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | സാമ്പത്തിക വർഷം | പ്രൊജക്ട് പേര് | Impl Code | ഏജൻസി | മുൻകൂർ നൽകിയ തുക/ ഫണ്ട് | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 1 | 2014-15 | 199/15,സ്രാമ്പ ബസാർ വോൾട്ടേജ് ക്ഷമത വർദ്ധിപ്പിക്കൽ | SEC (GP) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 95961 Development | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 95961 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | ബോർഡ് | Fund(CFC Basic Grant | | |
| 2 | 2014-15 | 237/15കീരനാലക്കൽ-വട്ടപറമ്പ് കുടിവെള്ള പദ്ധതിയുടെ വോൾട്ടേജ് ക്ഷമത വർദ്ധിപ്പിക്കൽ | SEC(GP) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 108016 Own Fund | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 108016 |
| 3 | 2014-15 | 200/15പുൽപ്പറമ്പ് പൊരുംതൊടി വോൾട്ടേജ് ക്ഷമത വർദ്ധിപ്പിക്കൽ | SEC(GP) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 142808 Development Fund(CFC Basic Grant ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 142808 |
| 4 | 2014-15 | 176/15തെക്കുംപുറം വോൾട്ടേജ് ക്ഷമത വർദ്ധിപ്പിക്കൽ | SEC(GP) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 152545 Development Fund(S.C.P) - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 152545 |
| 5 | 2021-22 | 301/22 ,വലക്കണ്ടി മാതാംകുളങ്ങര പാലക്കൽ വൈദ്യുതി ലൈൻ ത്രീഫേസ് ആക്കൽ . | SEC (GP) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 139653 Own Fund | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 139653 |
| | | | | | | ആകെ | 6,38,983 |

മേൽ പ്രവൃത്തികളിലായി 6,38,983 രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രൊജക്റ്റ് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-13 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിൽ ഇ പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-67387833693) 2022-23വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) എന്നിവ പരിശോധിച്ചതിൽ 01.04.22 ന് 32,68,885/- രൂപ മുൻബാക്കിയും 31.3.2023 ന് 55,34,050/- രൂപ നീക്കിയിരിപ്പും ഉണ്ട് (പാസ് ബുക്ക് ബാലൻസ് യഥാക്രമം 3239598/- രൂപ , 5374784/- രൂപ). സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഈ കാലയളവിൽ ശരാശരി 45 ലക്ഷം രൂപ വരെ അക്കൗണ്ടിൽ നീക്കിയിരിപ്പായി നിലനിൽക്കുന്നുണ്ട്.

അക്കൗണ്ട് നിലനിർത്തുന്നതിന് വേണ്ട ഒരു നിശ്ചിത തുക നിലനിർത്തിയ ശേഷം ബാക്കി തുക പലിശ ലഭിക്കുന്ന എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നെങ്കിൽ പലിശ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ വരുമാനം ലഭിക്കുമായിരുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/27.07.23) ബാലൻസ് നിലനിൽക്കുന്നത് അത്യാവശ്യമുള്ള തുക നിലനിർത്തി ബാക്കി തുക പഞ്ചായത്തിൻറെ സേവിംഗ്സ് ബാങ്ക് തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി- അടവാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ,ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി

രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ഉദ്യോഗസ്ഥൻ/സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധവർഷം | കുറിപ്പ് |
|---|---|---|
| വേലായുധൻ ടി, LM Gr 1<br>കെ എസ് ഇ ബി തിരൂരങ്ങാടി | 1 | റിട്ടേണിൽ ഉദ്യോഗസ്ഥർ31.05.22 ന് (61 ദിവസത്തെ സേവനം) റിട്ടയർ ചെയ്തു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| പ്രഭാകരൻ എ, ഓവർസിയർ<br>കെ എസ് ഇ ബി തിരൂരങ്ങാടി | | |
| ഡോ . മുഹമ്മദ് മുസ്തഫ<br>പി എച് സി പള്ളിക്കൽ | 1 | പ്രൊജക്റ്റ് നമ്പർ 17/23 (ഈവനിംഗ് ഒ പി ) |
| രാജാ പ്രസൂൺ, ഫാർമസിസ്റ്റ് പി എച് സി പള്ളിക്കൽ | | |

2. തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി )ചട്ടങ്ങളിലെ ചട്ടം 3(1) ലെ പട്ടിക പ്രകാരം അർദ്ധവാർഷിക വരുമാനത്തിനു ചുമത്താവുന്ന നികുതി എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസരിച്ചുള്ള തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് /സ്ഥാപനം | റിട്ടേൺ പ്രകാരം അർദ്ധവാർഷിക വരുമാനം | അടവാക്കിയ തൊഴിൽ നികുതി | അടവാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| ഹസ്സൻ എ വി, പാർട് ടൈം ലെക്ച്ചർ, ഇ എം ഇ എ കോളേജ് | 157380/- (1 Half) | 1000 (1 Half) | 1250 | 250 |
| കൃഷ്ണൻകുട്ടി കെ,<br>പി ടി എസ്, പി എച് സി പള്ളിക്കൽ | 106492/- (1st Half)<br>106492/- (2nd Half) | 750 ( (1 & 2 Half) | 1000 (ഓരോ അർദ്ധ വർഷവും) | 500<br>(250x2) |

3. സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ NECT എന്ന പേരിൽ ഒരു സ്കൂൾ (പഴയ പേര് - അൽ ഹുദ HSS) പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു . എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. ഈടാക്കിയിട്ടില്ലെങ്കിൽ ആയത് പിഴ സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

4)സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്)നം.എ9 764/19 നം. കത്തിൽ റേഷൻ കടകൾ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചാത്ത് പരിധിയിലുള്ള റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി,ലൈസൻസ് ഫീസ് എന്നിവ അടവാക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/29.07.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരും നികുതി അടവാക്കുന്നുണ്ടെന്നും ചട്ടപ്രകാരമുള്ള തുക തന്നെയാണോ അടവാക്കിയത് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വാടക പിരിവ്- അപാകതകൾ

വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ ആകെ 3 മുറികളാണ് വാടകക്ക് നൽകിക്കൊണ്ടിരുന്നത്. ആയതിന്റെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1). ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 3/575 എന്ന കടമുറിയിൽ പ്രവർത്തിച്ചിരുന്ന അമ്മൂസ് വനിത ഹോട്ടൽ (നിലവിൽ പ്രവർത്തിക്കുന്നില്ല) എന്ന സ്ഥാപനത്തിൽ നിന്നും വാടകയിനത്തിൽ 13500 രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.

2). നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന മേൽ കടമുറി പുനർലേലം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

3). വാടകക്കാരിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

4).വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നതിന് ആനുപാതികമായി സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വർദ്ധനവ് വരുത്തുന്നില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/31.07.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി വിശദാംശങ്ങളും മറ്റ് അപാകതകൾക്കുള്ള വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-16 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജം) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം ദ്വിതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ 10 % ഇളവും പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് | കുറിപ്പ് |
|---|---|---|---|---|---|
| 1 | വീരാൻ താഴത്തേരി 182/1-14 182/1-12 | 15/179A (വാണിജ്യം) 16.3 M2 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല) 441 23 LC | (16.3x30)+20%(road) - 10% (മേഖല)=537 27 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 15/179 B (വാണിജ്യം) 32.68 M2 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല) 883 45 LC | (32.68x30) +20%(road) - 10% (മേഖല) 1079 54 LC | |
| | | 15/179 C (പാർപ്പിടം) 94.02 M2 | (@ 3 & 10% ഇളവ് ദ്വിതീയ മേഖല) 254 13 LC | (94.02x3)+20% (road) - 10% (മേഖല) =311 16LC | |
| | | 15/179 D (പാർപ്പിടം) 71.5 M2 | (@ 3 & 10% ഇളവ് ദ്വിതീയ മേഖല) 193 10 | (71.5x3)+20%(road) - 10% (മേഖല) = 236 12LC | |

| | | | | | |
|---|---|---|---|---|---|
| | | 15/179 E<br>(പാർപ്പിടം)<br>71.5 M2 | (@ 3 & 10% ഇളവ് ദ്വിതീയ മേഖല)<br>193<br>10 | (71.5x3)+20%(road) - 10% (മേഖല) =<br>236<br>12LC | |
| 2 | ചൂരക്കായി രാധാകൃഷ്ണൻ മുതൽ പേർ<br>137/2-2 | 4/381 G<br>(വാണിജ്യം)<br>31.5 | (@ 50 & 10% ഇളവ് ദ്വിതീയ മേഖല<br>1418 +71 | (31.5x50)+20%(road) - 10% (മേഖല)<br>1733 +87 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 6 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 4/381 H<br>(വാണിജ്യം)<br>34.35 | (@ 50 & 10% ഇളവ് ദ്വിതീയ മേഖല & 5% ഇളവ് (FF)<br>1546+74 | (34.35x50)+20% (road) - 10% (മേഖല) - 5% FF<br>1795+88LC | |
| | | 4/381 I<br>(വാണിജ്യം)<br>17.98 | (@ 50 & 10% ഇളവ് ദ്വിതീയ മേഖല & 5% ഇളവ് (FF)<br>770+39 | (17.98x50)+20% (road) - 10% (മേഖല) - 5% FF<br>940+47LC | |
| | | 4/381 J<br>(വാണിജ്യം)<br>17.98 | (@ 50 & 10% ഇളവ് ദ്വിതീയ മേഖല & 5% ഇളവ് (FF)<br>770+39 | (17.98x50)+20% (road) - 10% (മേഖല) - 5% FF<br>940+47LC | |
| 3 | ഷമീർ<br>244/3-7 | 13/163 K<br>(സ്റ്റോറേജ്)<br>709 M2 | (@ 20 & 10% ഇളവ് ദ്വിതീയ മേഖല& 10% ഇളവ് മേൽക്കൂര)<br>11344+568 | (709x20)+20%(road) - 20% (മേഖല& മേൽക്കൂര )<br>14180+710LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 6 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| 4 | അബ്ദുൽജബ്ബാർ<br>244/2-6 | 13/148Q,R,S,T<br>(വാണിജ്യം)<br>$54.64M^2(13.66M^2$ X 4) | (@ 50 & 20% ഇളവ് ദ്വിതീയ മേഖല10% & മേൽക്കൂര10%)<br>(13.66x50-20%)=<br>547 X 4=2188<br>28 X4=112 LC | (54.64x50)+20% (road) - 20% (മേഖല& മേൽക്കൂര )=2732<br>137 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 6 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 13/148 U<br>(വാണിജ്യം)<br>320.08 | (@ 50 & 20% ഇളവ് ദ്വിതീയ മേഖല10 & മേൽക്കൂര10)<br>12804+ 641 LC | (320.08x50)+20% (road) - 20% (മേഖല& മേൽക്കൂര )<br>16004 +801 LC | |

| | | | | | |
|---|---|---|---|---|---|
| 5 | ഇർഷാദ് റഫീക്കുദ്ധീൻ<br>355/8 | 18/316A<br>(വാണിജ്യം)<br>64.50 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>3076+154 LC | 64.50x30+ 20%(road) - 10% (മേഖല)<br>2129<br>107 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്.<br>കൂടാതെ പൂർത്തീകരണ പ്ലാൻ പ്രകാരം 64.50 M2 ആണ് കെട്ടിടത്തിന്റെ വിസ്തീർണ്ണം. എന്നാൽ<br>ഫോം 6 പ്രകാരം 113.9 M2 ന് ആണ് നികുതി നിർണ്ണയിച്ചത് |
| 6 | പച്ചാട്ട് പ്രേമലീല<br>129/4-12,129/4-13 | 4/71 E &F<br>(വാണിജ്യം)<br>40.88 X2 | (@ 50 & 10% ഇളവ് (ദ്വിതീയ മേഖല)<br>(1840+92 LC)x2<br>= 3680+184 LC | (81.76X50)+20% (road) - 10% (മേഖല)=<br>4497+<br>225 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 6 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 4/71 G & I<br>(വാണിജ്യം)<br>20.95x2 | (@ 50 & 25% ഇളവ് (10% ദ്വിതീയ മേഖല, 10% മേൽക്കൂര, 5% FF)<br>1594 + 80LC | (41.9X50)+20%(road) - 25% (മേഖല), മേൽക്കൂര& FF= 1991<br>+100 LC | |
| | | 4/71 J K L<br>(വാണിജ്യം)<br>22.55 X3 | (@ 50 & 25% ഇളവ് (ദ്വിതീയ മേഖല 10% &മേൽക്കൂര 10%) & 5% FF)<br>2571 + 129 LC | 67.65x50+20%(road) - 25% (മേഖല), 10% മേൽക്കൂര, FF) 3214+<br>161 LC | |
| | പച്ചാട്ട് പ്രേമലീല<br>129/4-12,129/4-13 | 4/71 H<br>(വാണിജ്യം)<br>30.48 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>823+ 42 LC | (30.48X30)+20% (road) - 10% (മേഖല)=1006+<br>51 LC | |

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(31/01.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-17 ഫിറ്റ്നസ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രി പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എയർപോർട്ട് സ്കൂളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2022-23 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ ഈ സ്കൂൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായി.
അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/29.07.23) ഈ സ്കൂൾ കേന്ദ്രസർക്കാറിന്റെ പരിധിയിൽ വരുന്ന സ്കൂളായതുകൊണ്ടും നാളിതുവരെ ഫിറ്റ്നസിനുവേണ്ടി അപേക്ഷ സമർപ്പിക്കാത്തതുകൊണ്ടുമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതിരുന്നത് എന്ന മറുപടിയാണ് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയത്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും ആയതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ -തുടർനടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ചില സ്കൂളുകൾ അപേക്ഷയിൽ അവകാശപ്പെട്ട മുഴുവൻ കെട്ടിടങ്ങൾക്കും പഞ്ചായത്ത് നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ലയെന്ന് മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ (2021-22 ഖണ്ഡിക 1-17) പരാമർശിച്ചിരുന്നെങ്കിലും നിലവിലും അപാകത പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് പരിശോധനയിൽ വ്യക്തമായി.

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ഓഡിറ്റ് കാലയളവിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ അപാകത നിലവിലും ഉള്ളതായി വ്യക്തമായി. കെട്ടിട നമ്പർ ലഭ്യമായ VPKMHSS പുത്തൂർപള്ളിക്കൽ സ്കൂളിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| VPKMHSS പുത്തൂർപള്ളിക്കൽ HS&HSS | 20/446 -Ground Floor (65 SqM)<br>20/447 -Ground Floor (100 SqM)<br>20/448 -Ground Floor (100 SqM)<br>20/449 -Ground Floor (65 SqM)<br>20/450 -Ground Floor (70 SqM)<br>20/451 -Ground Floor (70 SqM)<br>20/451 A -Ground Floor (315.18 SqM) & FF (315.18 SqM )<br>ആകെ =1100.36 | 5x6.10 =335.5 (2 നില – 11 Room )<br>8x6x3 =144 ( (1 നില – 3 Room )<br>24x6.20=297.6( (2 നില – 8room )<br>18x6.10=219.6( (2 നില – 6 Room )<br>6x6= 36 ( (1 നില – 1 Room )<br>6.10x6.10=74.42( (2 നില – 2 Room )<br>6x6.10x6.10=223.26 (6 Room)<br>6.10x6.10 = 372.1 (10 Room)<br>6.10x6.10x6=223.26<br>6.10x9.20x3.75=224.48 (4 Room GF)<br>6.10x15.50x3.75=94.55 (1 Room GF)<br>6.10x9.20x3.75=168.36 (3 Room-FF)<br>6.10x12.10x3.75 =147.62 (2 Room-FF)<br>6.10x12.10x3.75=73.81 (1 Room-SF)<br>6.10x6.10x3.75=74.42 (2 Room-SF)<br>6.10x12.10x3.75=221.43 (3 Room SF)<br>ആകെ =2930.41 |

[കുറിപ്പ് . ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ പരിശോധിച്ച് അനധികൃത നിർമ്മിതികൾ കണ്ടെത്തി

നിയമപ്രകാരം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/03.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം നികുതി നികുതിയേതര ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| | |
|---|---|
| Property Tax On Residential Building(current) | 232093 |
| Property Tax On Residential Building(Arrears) | 113119 |
| Property Tax On Non Residential Building(current) | 296411 |
| Property Tax On Non Residential Building(Arrears) | 200007 |
| Profession Tax Institution(Arrears) | 28750 |
| Rent Receivables From Building (Current) | 2518 |
| Rent Receivables From Building (Arrears) | 13500 |

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/25.07.23) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണം- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | വരൾച്ചാ ദുരിതാശ്വാസ പദ്ധതി കുടിവെള്ള വിതരണം ( 14/23) |
| നിർവ്വഹണം | സെക്രട്ടറി |

സർക്കാർ ഉത്തരവ് (സാധാ)നമ്പർ 652/2022/ത.സ്വ.ഭ.വ തിയതി 16.3.22 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് കുടിവെള്ളം ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കേരളാ ജല അതോറിട്ടി,കിൻഫ്ര പാർക്ക് എന്നിവിടങ്ങളിൽ നിന്നും കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ( ലിറ്ററിന് 37.50പൈസ)എന്നാ ശ്രീ.ഷമീർ അലി എൻ.മാട്ടുമ്മൽ എന്ന കരാറുകാരനെ ചുമതലപ്പെടുത്തുകയും KL-58C 6390,KL 58A-9331,KL 53C-9447 എന്നീ വാഹനങ്ങളിൽ താഴെ പറയും പ്രകാരം കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

| ബിൽ നമ്പർ | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|
| 50/5.7.22 | 490000 | വികസന ഫണ്ട് |
| 78/31.8.22 | 1,18,050 | വികസന ഫണ്ട് |
| ആകെ | 608050 | |

| വിതരണം ചെയ്ത തിയതി | വിതരണം ചെയ്ത കുടിവെള്ളം | അനുവദിച്ച തുക |
|---|---|---|
| 25.04.22 മുതൽ 5.05.22 വരെ | 1512000 ലിറ്റർ(KWA) | 1512000x38.5 =582120 |
| 6.5.22 മുതല് 17.5.22 വരെ | 588000 KINFRA | 588000 X44.10/1000 =25930 |
| | ആകെ | 608050 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ഗ്രാമ പഞ്ചായത്ത് കമ്മറ്റി 30.3.22 ലെ 2/2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 21.3.22 ലെ കുടിവെള്ള വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ ടെണ്ടർ നിബന്ധന A2-2716 /22 ക്രമ നമ്പർ4 പ്രകാരം ക്വാട്ട് ചെയ്ത തുകയിൽ നിന്നും അധികമായി യാതൊരു ചെലവോ നികുതിയോ ഗ്രാമ പഞ്ചായത്ത് വഹിക്കുന്നതല്ല എന്ന് നിഷ്കർഷിച്ചിരുന്നു.എന്നാൽ ശ്രീ.ഷമീർ അലിയുടെ അപേക്ഷപ്രകാരം ടെണ്ടർ നിബന്ധക്ക് വിരുദ്ധമായി37.50അനുവദിക്കേണ്ടതിനുപകരം ലിറ്ററിന് 38.50 പൈസ അനുവദിക്കുകവഴി താഴെ പറയും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| ടെണ്ടർ പ്രകാരം അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം |
|---|---|---|
| 5,67,000<br>(1512000 X 37.5) | 5,82,120 (1512000 X 38.5) | 15120 |
| | ആകെ | 15,120 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 8/27.7.23ന് നൽകിയ മറുപടിയിൽ ഡീസലിന്റെ നിരന്തരമായ വിലവർദ്ധനവ് കാരണമാണ് ലിറ്ററിന് ഒരു പൈസ അധികം നൽകിയത് എന്ന് അറിയിച്ചു ഭാവിയിൽ ടെണ്ടർ നിബന്ധനകൾ കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2).21.3.22 ലെ കുടിവെള്ള വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ ടെണ്ടർ നമ്പർA2-2716 /22 നിബന്ധന 4 പ്രകാരം കരാർ തുകയിൽ നിന്നും നിയമാനുസൃത നികുതി ഇളവ് ചെയ്യുന്നതാണ് എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത ബില്ലിൻമേൽ GST TDS 2% ഈടാക്കിയിട്ടില്ല.(608050 X2%=12161).

3)കുടിവെള്ളം വിതരണത്തിനായി ലഭ്യമാക്കിയ കേരളാ ജല അതോറിട്ടി,കിൻഫ്ര പാർക്ക് എന്നീ സ്ഥാപന മേധാവികൾ ഗ്രാമ പഞ്ചായത്തിന് നൽകിയ കുടിവെള്ളത്തിന്റെ അളവ് സംബന്ധിച്ചുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.കുടിവെള്ളം വിതരണം സബന്ധിച്ച ഭാഗികമായ വിവരങ്ങളാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ലഭ്യമാക്കിയിട്ടുള്ളത്. വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് സംബന്ധിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ ഉൾകൊള്ളിച്ചുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

4.)കരാറുകാരനുമായി നിയമാനുസൃത കരാർ ചമച്ചതിന്റെ വിവരം ഫയലിൽലഭ്യമല്ല.
അപാകതകൾ പരിഹരിച്ച് മറുപടിലഭ്യമാക്കേണ്ടതാണ്.

## 1-21 ഹോമിയോ മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ<br>(പ്രോജക്ട് നമ്പർ.12/2022-23) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 300000 |
| ചെലവ് | 300000( Maintanance Fund Non Road) |
| ബിൽ നമ്പർ | 88/12.9.2022 |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | PF- 8/29.6.2022 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോക്ക്മുൻകൂറായി 300000/- രൂപ ( Maintanance Fund Non Road) നല്കിയിരുന്നു, എന്നാൽ നാളിതു വരെ മരുന്ന് മുഴുവനായും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല.വിശദ വിവരം ചുവടെ

| ഇൻവോയ്സ് | മരുന്ന് ലഭിച്ചത് | ഇനിയും ലഭിക്കാനുള്ളത് |
|---|---|---|
| LF2308/31.3.23 | 141154 | 70695(300000-229305) |
| LF342/21.6.23 | 88151 | |
| ആകെ | 229305 | 70695 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.9/2021-22 തിയ്യതി -27.07.2022 ന് നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കാൻ കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 പരിരക്ഷാ പദ്ധതി- അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പരിരക്ഷ പദ്ധതി -പാലിയേറ്റീവ് (പ്രൊജക്ട് നമ്പർ. 18/23) എന്ന പദ്ധതിക്കായി 7,99,990 (വികസന ഫണ്ട് )രൂപ ചെലവഴിച്ചിട്ടുണ്ട് എന്നാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.2 പ്രകാരം ദീർഘകാല പരിചരണം ആവശ്യമായ രോഗികളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

2.സർക്കാർ ഉത്തരവ് (സാധാ) നമ്പർ 553/2019 ത.സ്വ.ഭ.വ. തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഒരോ സാമ്പത്തിക വർഷത്തിനുമുൻപും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തേയും വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പി.എം.സി.ആയത് അംഗീകരിക്കേണ്ടതുമാണ് എന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ നിർദേശങ്ങൾ പാലിച്ചിട്ടില്ല.പി.എം.സി മിനുട്സ് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം (2022-23) 12.10.2022,22.3.2023 എന്നീ രണ്ട് ദിവസങ്ങളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് .പ്രസ്തുത യോഗങ്ങളിൽ വരവ്- ചെലവ് കണക്കുകൾ അവതരിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

3)മേൽ ഉത്തരവ് പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമായി വാഹനം വാടകക്ക് എടുക്കാമെന്നും മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വാഹനം എടുക്കേണ്ടതാണ് എന്നും ക്വട്ടേഷൻ പി,എം.സി. അംഗീകരിക്കേണ്ടതുമാണ് എന്നും ക്വട്ടേഷൻ കാലാവധി ഒരു വർഷം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ K-L10-K-9392 (ശ്രീ.സുബ്രഹ്മണ്യൻ.യു) എന്ന വാഹനം വാടകക്ക് എടുത്തിട്ടുണ്ടെങ്കിലും പി.എം.സി.മിനുട്സ് പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചതോ അംഗീകരിച്ചതോ സംബന്ധിച്ചുള്ള വിവരങ്ങൾ (മിനുട്സിൽ) രേഖപ്പെടുത്തിയിട്ടില്ല.

4.)ഈ പദ്ധതിയുടെ ഭാഗമായി പരിരക്ഷാ കിടപ്പുരോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല.

| പ്രൊഫോർമ ഇൻവോയ്സ് | നൽകിയ തുക | ബിൽ നമ്പർ | ലഭിച്ച മരുന്ന് | ഇനിയും ലഭിക്കാനുള്ള മരുന്നുകൾ |
|---|---|---|---|---|
| PRF1883/27.10.22 | 3,00,000 | 136/23.11.22 | 0 | 3,00,000 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.14/29.7.23 ന് മറുപടി നൽകിയിട്ടില്ല.മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതും വരവ്- ചെലവ് കണക്കുകൾ പി.എം.സിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും വാഹനം വാടകക്ക് എടുക്കുമ്പോൾ സർക്കാർ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

## 1-23 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - രേഖകൾ ലഭ്യമല്ല

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പദ്ധതികൾ മുഖേന താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു. വിശദവിവരം ചുവടെ

| ക്രമനം | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർ നമ്പർ | ചെലവ് തുക | അപാകതകൾ |
|---|---|---|---|---|
| 1. | 171/23<br>പഞ്ചായത്ത് ഓഫീസിലേക്ക് കംമ്പ്യൂട്ടർ.ലാപ്പ്ടോപ്പ്,ഫോട്ടോസ്റ്റാറ്റ് മെഷിൻ.സ്കാനർ ,ടോക്കൺ മെഷീൻ എന്നിവ വാങ്ങൽ | 1)22200596/25.10.22<br>2)22200597/25.10.22<br>3)22200623/31.10.22<br>4)1)22201054/14.3.23 | 587216<br>തനത് ഫണ്ട് | ഇൻവോയ്സ്,സ്റ്റോക്ക്,ഇൻസ്റ്റാലേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| 2 | 160/23<br>ഘടക സ്ഥാപനങ്ങൾക്ക് കംമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ | 148/26.11.22 | 183363<br>MG-Non Road | ഇൻവോയ്സ് നമ്പർ.05651/ITP/23-24/19.4.23 പ്രകാരം 3 Desktop, കെ.എം.ടെക്നോളജീസ് കോട്ടയം ഇൻവോയ്സ് നമ്പർ.KMR/2223/1197/19.11.22 പ്രകാരം ഒരു പ്രിന്ററും വാങ്ങിയിട്ടുണ്ടെങ്കിലും ആയവ സ്റ്റോക്കിലെടുത്ത് ,വിതരണം ചെയ്ത വിവരങ്ങൾ ലഭ്യമല്ല. |
| | | ആകെ | 770579 | |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-15/29.7.2023 ന് മറുപടി നൽകിയിട്ടില്ല.സ്റ്റോക്ക്,ഇൻസ്റ്റാലേഷൻ റിപ്പോർട്ട് വിതരണം ചെയ്ത വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 7,70,579 രൂപ തടസ്സം ചെയ്യുന്നു.

## 1-24 മണക്കാട്ട് അമ്പലം-കോഴിപ്പുറം എച്ച്.ഡി ലൈൻ മാറ്റി സ്ഥാപിക്കൽ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തി ചെയ്തു

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ മണക്കാട്ട് അമ്പലം-കോഴിപ്പുറം എച്ച്.ഡി ലൈൻ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു വിശദവിവരം ചുവടെ

| പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർ നമ്പർ | ചെലവ് തുക | അപാകതകൾ |
|---|---|---|---|
| 278/23-<br>മണക്കാട്ട് അമ്പലം-കോഴിപ്പുറം എച്ച്.ഡി ലൈൻ മാറ്റി സ്ഥാപിക്കൽ | 22200494/31.8.22 | 46031-<br>തനത് ഫണ്ട് | തുക കെ.എസ്.ഇ.ബി.ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ലൈൻ മാറ്റി സ്ഥാപിക്കൽ എന്നത് കേരളാ പഞ്ചായത്ത് രാജ് ആക്ട് 166ാം വകുപ്പ് 1ാം ഉപ വകുപ്പ് പട്ടിക3 എ പ്രകാരമുള്ള അനിവാര്യ ചുമതലയിലോ Ix മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയിലോ ഉൾപ്പെടുന്നില്ല. |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-16/29.7.2023 ന് നൽകിയ മറുപടിയിൽ വിനിയോഗ വിവരം ഹാജരാക്കി. ഭാവിയിൽ തുക വിനിയോഗിക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-25 പഞ്ചായത്ത് ഓഫീസിൽ സോളാർ ബാറ്ററി സ്ഥാപിക്കൽ -അനുബന്ധ രേഖകൾ ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പഞ്ചായത്ത് ഓഫീസിൽ സോളാർ ബാറ്ററി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി താഴെ പറയുന്ന തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു വിശദവിവരം ചുവടെ

| പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ | വൗച്ചർ നമ്പർ | ഇൻവോയ്സ് | ചെലവ് തുക | അപാകതകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പേരും | | | | |
| 243/23 പഞ്ചായത്ത് ഓഫീസിൽ സോളാർ ബാറ്ററി സ്ഥാപിക്കൽ | 1)22200336/26.6.22 2)22201113/30.3.23 | BZB/VKED /1036/24.3.23 BZB/VKED /1051/24.3.23 | 3,43,816 തനത് ഫണ്ട് | 200 AHC10 Express ബാറ്ററി 16 എണ്ണം വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാർ,സ്റ്റോക്ക്,ഇൻസ്റ്റാലേഷൻ റിപ്പോർട്ട് പഴയ ബാറ്ററികൾ ലേലം ചെയ്ത് വില്പന നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ലഭ്യമല്ല. |
| | ആകെ | | 3,43,816 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-17/29.7.2023 ക്ക് മറുപടി നൽകിയിട്ടില്ല.സ്റ്റോക്ക്,ഇൻസ്റ്റാലേഷൻ റിപ്പോർട്ട് പഴയ ബാറ്ററികൾ ലേലം ചെയ്ത് വില്പന നടത്തിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 3,43,816 തടസ്സം ചെയ്യുന്നു

## 1-26 ഫർണ്ണിച്ചർ വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ ഫർണ്ണിച്ചർ വാങ്ങൽ പദ്ധതികൾ മുഖേന ARTCO യിൽ നിന്നും ടെണ്ടർ നടപടികൾ സ്വീകരിക്കാതെ താഴെ പറയും പ്രകാരം ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു. വിശദവിവരം ചുവടെ

| ക്രമനം | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർ നമ്പർ/ബിൽ നമ്പർ | ചെലവ് തുക | ഇൻവോയ്സ് | ഫർണ്ണിച്ചർ |
|---|---|---|---|---|---|
| 1. | 152/23- ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ | 222000954/10.2.23 | 82047 തനത് ഫണ്ട് | PKD214/11.1.23 | 1. പ്ലാസ്റ്റിക് ആംലെസ്സ് ചെയർ ( 5എണ്ണം) 3068<br>2. സ്റ്റീൽ അലമാര 5 ഷെൽഫ് 198x90x45 ( 3എണ്ണം)44133.18<br>3.സ്റ്റീൽ റാക്ക്-180x90x38 ( 4എണ്ണം)27781.92<br>4.സ്റ്റീൽ ഓഫീസ് ചെയർ ( 2എണ്ണം)7063.48 |
| 2 | 156/23പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ | 222000958/10.2.23 | 95823 തനത് ഫണ്ട് | PKD215/ 11.1.23 | 1. പ്ലാസ്റ്റിക് ആംലെസ്സ് ചെയർ ( 100എണ്ണം)61360<br>2ഡയസ് ടേബിൾ ( 1എണ്ണം)6957.28<br>3.സ്റ്റീൽ ഡയസ് ചെയർ ( 5എണ്ണം)14974.30<br>4. ഫൈബർ ചെയർ ( 18എണ്ണം) 12531.60 |

| | | | | | |
|---|---|---|---|---|---|
| 3 | 336/23ആയുർവ്വേദ ആശുപത്രിക്ക് ഫർണിച്ചർവാങ്ങൽ | 362/ 28.3.23 | 156811 വികസന ഫണ്ട് | PKD462/20.3.23 | 1.സ്റ്റീൽ കൺസൾട്ടിംഗ് ടേബിൾ60xx30x75( 1എണ്ണം) Rs.8184.48<br>2. റിവോൾവിഗഗ് ചെയർ വിത്ത് ഹൈഡ്രോളിക്ക് ലിഫ്റ്റ്,( 1എണ്ണം) Rs.11500.28<br>3.സ്റ്റീൽ എക്സാം ടേബിൾ32 X12 ( 1എണ്ണം) Rs.6711.84<br>4,FIIT സ്റ്റീൽ സ്റ്റെപ്പ് ( 1എണ്ണം)1491.52<br>5.സ്റ്റീൽ അലമാര ലോക്കർ& 5 ഷെൽഫ് 198x90x45 ( 2എണ്ണം) 31378.56<br>6. സ്റ്റീൽ അലമാര 5 ഷെൽഫ് 198x90x45 ( 6എണ്ണം)88266.36<br>7. ഡിസ്പെൻസിംഗ് ടേബിൾ മേറ്റ്180X90X80 ( 1എണ്ണം) 9278.34 |
| | | ആകെ | 3,34,681 | | |

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും വില നിലവാരവും സംബന്ധിച്ച ലിസ്റ്റ് ജി.ഒ (ആർ.ടി) നം.7/2022/എസ്.പി.ഡി തിയതി 02.02.22, ജി.ഒ (ആർ.ടി) നം. 06/2022 /എസ്.പി.ഡി തിയതി 02.02.22 എന്നീ ഉത്തരവുകൾ പ്രകാരം സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഇൻവോയ്സ് പ്രകാരം വിതരണം നടത്തിയ ഫർണ്ണിച്ചറുകൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതല്ല. ഈ ഉപകരണങ്ങൾ മേൽപ്പറഞ്ഞ സ്പെസിഫിക്കേഷനിലും യൂണിറ്റ് വിലയിലും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വാങ്ങുന്നതിനുള്ള അനുമതിയോ ഇത് നേരിട്ട് വാങ്ങിയത് സംബന്ധിച്ച വിശദീകരണമോ ലഭ്യമാക്കിയില്ല.

2. ARTCO ലിമിറ്റഡിൽ നിന്നും നേരിട്ട് വാങ്ങുന്ന ഉപകരണങ്ങൾ ARTCO സ്വന്തമായി നിർമ്മിച്ചതാണെന്നും, പുറമേ നിന്ന് വാങ്ങിയതല്ലെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഒരു സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ ARTCOയിൽ നിന്ന് ലഭ്യമാക്കേണ്ടതാണെന്ന് മേൽ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും, ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾക്ക് ഇത്തരത്തിൽ ഒരു സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

3.ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത വിവരങ്ങൾ ലഭ്യമല്ല

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-24/31.7.2023 ന് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഫർണ്ണിച്ചറുകൾ വാങ്ങുമ്പോൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.ഫർണ്ണിച്ചറുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്ത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-27 അംഗനവാടിക്ക് സ്ഥലം വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ കുമ്മണിപറമ്പ് അംഗനവാടിക്ക് സ്ഥലം വാങ്ങൽ പദ്ധതിക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു .വിശദ വിവരം ചുവടെ

| പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | വൗച്ചർ നമ്പർ/ബിൽ നമ്പർ | ചെലവ് തുക | ഉടമസ്ഥൻ | വാങ്ങിയ ഭമി |
|---|---|---|---|---|
| 150/23-അംഗനവാടിക്ക് സ്ഥലം വാങ്ങല് | 222000546/30.9.22 | 1,50,000 തനത് ഫണ്ട് | ശ്രീ.അബ്ദുള്ള ഫസൽ | ആധാരം നമ്പർ.2930/21/1 റീസർവ്വേ നമ്പർ-182/2-5 (3.62 സെന്റ്)1.481 ആർസ് |
| | 222000547/30.9.22 | 123392 തനത് ഫണ്ട് | | |
| | ആകെ | 2,73,392 | | |

പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 /ത.സ്വ.ഭ.വ തിയതി 28.5.2022 ഖണ്ഡിക 8.1.3 പ്രകാരം അംഗനവാടികൾക്ക് സ്ഥലം വാങ്ങുമ്പോൾ ജില്ലാ തദ്ദേശ സ്വയം ഭരണ ജോയിന്റ് ഡയറക്ടർ കൺവീനറും , ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ജില്ലാപ്ലാനിംഗ് ഓഫീസർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മറ്റി അപേക്ഷ പരിശോധിച്ച് അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്കർഷിച്ചിരുന്നു.എന്നാൽ ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും അനുയോജ്യതാ സർട്ടിഫിക്കറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2) സർക്കാർ ഉത്തരവ് (കൈ) നമ്പർ 115/2022 ത.സ്വ.ഭ.വ തിയതി 28.5.2022 ഖണ്ഡിക 8.1.4 പ്രകാരം റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന ഭൂമി നൽകാൻ ഉടമസ്ഥർ തയ്യാറാകുന്നില്ലെങ്കിൽ നഷ്ട പരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ച്കൊണ്ട് ഭരണ സമിതി ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി 30% വരെ സൊലേഷ്യം നൽകാവുന്നതാണ് എന്ന് നിർദേശിച്ചിരുന്നു.എന്നാൽ ഗ്രാമപഞ്ചായത്ത്, വില്ലേജ് ഓഫീസറുടെ 26.2.22ലെ 132/2022 സാക്ഷ്യപത്ര പ്രകാരമുള്ള (ആർ ഒന്നിന് 142000)നിരക്കിന് അധികമായി ഉടമസ്ഥന് 30% സൊലേഷ്യം അനുവദിച്ചിട്ടുണ്ടെങ്കിലും എല്ലാ അംഗങ്ങളും ഒപ്പുവെച്ച പ്രമേയം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-30/1.8.2023 ന് മറുപടി നൽകിയിട്ടില്ല.അനുയോജ്യതാ സർട്ടിഫിക്കറ്റ്, ഐക്യകണ്ഠേന പ്രമേയം പാസ്സാക്കി 30% സൊലേഷ്യം അനുവദിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-28 വാഹന പരിപാലനം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

ഗ്രാമ പഞ്ചായത്തിന്റെ വാഹനവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1.സർക്കാർ ഉത്തരവ് (എം.എസ്.)170/07/ത.സ്വ.ഭ.വ തിയതി.30.6.2007 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാഹനങ്ങളുടെയും കാലാകാലങ്ങളിൽ ഉള്ള അറ്റകുറ്റപണികളുടെ പതിനായിരം രൂപക്ക മേൽ ചെലവ് വരുന്ന അറ്റകുറ്റപണികൾ ഭരണ സമിതിയുടെ അംഗീകാരത്തോടു കൂടി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ കൂടാതെയാണ് അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | KL-10 AB2358 | 22200890/31.1.23 | 23,278 |
| 2 | KL-10 AB2358 | 22201071/16.3.23 | 12,960 |
| 3 | KL-10 AB2358 | 22201146/31.3.23 | 15,400 |
| 4 | KL-10 AB2358 | 22200696/26.11.22 | 14,000 |
| 5 | KL-10 AB2358 | 22200695/26.11.22 | 11,216 |

| | | | |
|---|---|---|---|
| | | ആകെ | 76,854 |

2.സർക്കാർ ഉത്തരവ് (എം.എസ്.)170/07/ത.സ്വ.ഭ.വ തിയതി.30.6.2007 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാഹനങ്ങളുടെയും റിപ്പയർ രജിസ്റ്റർ,ഇന്ധനത്തിന്റെയും എണ്ണയുടേയും ഉപഭോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-32/2.8.2023 ക്ക് മറുപടി നൽകിയിട്ടില്ല. ഭാവിയിൽ വാഹനങ്ങളുടെ അറ്റകുറ്റപണികൾ നടത്തുമ്പോൾ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം നടത്തേണ്ടതും രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുമാണ്.

## 1-29 വിവിധ സ്ഥാപനങ്ങളിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ വിനിയോഗ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് വിവിധ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്ന വിശദവിവരം ചുവടെ

| ഇനം | വൗച്ചർ നമ്പർ | ചെലവ് തുക | അപാകതകൾ |
|---|---|---|---|
| ശുചിത്വ മിഷൻ അന്താരാഷ്ട്ര കോൺക്ലേവിലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം | 22200894/31.1.23 | 25000-തനത് ഫണ്ട് | ശുചിത്വ മിഷൻ ജില്ലാകോർഡിനേറ്ററുടെ 23.1.23ലെ168/2022/DSM നമ്പർ ഉത്തരവ് പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം , ലഭ്യമല്ല. |
| അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ സ്പോർട്സ് മീറ്റ്2022-23 ഗ്രാമ പഞ്ചായത്ത് വിഹിതം | 22201086/21.3.23 | 10,000 തനത് ഫണ്ട് | 18.1.23 ലെ സർക്കാർ ഉത്തരവ് (സാധാ)154/23/LSGD പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ വിവരം ലഭ്യമല്ല. |
| | ആകെ | 35,000 | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-33/2.8.2023 ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതാണ് എന്ന് അറിയിച്ചു.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-30 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - രജിസ്റ്ററുകളും അനുബന്ധ രേഖകളും ലഭ്യമല്ല.

ഓഡിറ്റ് വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെലവഴിച്ചതുക |
|---|---|---|
| 1 | 22200030/11.4.22 | 53483 |
| 2 | 22200037/22.4.22 | 17805 |
| 3 | 22200092/7.5.22 | 1315 |
| 4 | 22200127/21.5.22 | 49178 |
| 5 | 22200224/15.6.22 | 56308 |
| 6 | 22200331/13.7.22 | 55708 |
| 7 | 22200405/12.8.22 | 58203 |

| | | |
|---|---|---|
| 8 | 22200522/17.9.22 | 57395 |
| 9 | 22200603/29.10.22 | 55820 |
| 10 | 22200682/13.7.22 | 57426 |
| 11 | 22200753/15.7.22 | 37586 |
| 12 | 22200754/15.7.22 | 11197 |
| 13 | 22200758/17.12.22 | 1461 |
| 14 | 22200780/31.12.22 | 1116 |
| 15 | 22200771/31.12.22 | 1074 |
| 16 | 22200861/21.1.23 | 57476 |
| 17 | 22200862/21.1.23 | 1225 |
| 18 | 22200962/23.2.23 | 47021 |
| 19 | 22200974/23.2.23 | 8615 |
| 20 | 22201050/7.3.23 | 55224 |
| | ആകെ | 684636 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം, പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ സ്പെസിഫിക്കേഷൻ, വിവിധ പ്രദേശങ്ങളിലുള്ള ഹൈമാസ്റ്റ് , മിനി മാസ്റ്റ് ലൈറ്റുകളുടെ വിവരം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ഗ്രാമപ്പഞ്ചായത്തിൽ ആകെ ഉള്ള സ്ട്രീറ്റ് മെയിനിന്റെ നീളം, പ്രദേശം, തെരുവ് വിളക്കുകൾക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

3.3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/ 25-07-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപ്പഞ്ചായത്തിലെ തെരുവുവിളക്കുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് വിവരശേഖരണംനടത്തി രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 1-31 സർക്കാർ ഉത്തരവിനു വിരുദ്ധമായി സിഡ്കോയിൽ നിന്നും പർചേസ് നടത്തി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിന് നടപ്പിലാക്കിയ പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്റ്റ് - 123/23 ജനകീയ ഹോട്ടൽ

അടങ്കൽ- 200000/-(തനത് ഫണ്ട്)

ചെലവ് - 157447/-(വൌച്ചർ നമ്പർ-22200434 /27.08.22)

പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങിയ ഫർണ്ണിച്ചറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (Invoice Numcer-KKD/22-23/86 Dtd 25.07.22).

| ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് | ആകെ |
|---|---|---|---|
| Steel Table With Granite Top(120x75x75) | 12 | 8305 | 99660 |
| Fiber Stool | 50 | 325 | 16250 |
| Steel Cabinet For Storing Files (180x90x48) | 1 | 9300 | 9300 |
| Steel Table One Drawer One Cupboard(120x60x75) | 1 | 5508 | 5508 |
| Steel Chair Cushion Seat And Back | 1 | 2711.86 | 2712 |

| | | | |
|---|---|---|---|
| ആകെ | | | 133430 |
| 18% GST ഉൾപ്പടെ ആകെ തുക | | | 157447 |

സ്റ്റോർ പർച്ചേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി ഒ (ആർ ടി) 26/2015/SPD തിയതി 28.05.2015, സ ഉ (സാധാ) 97/2022/SPD തിയതി 23.12.2022എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വിലവിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർപർചേസ് മാന്വൽപ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പട്ടികയിൽ ഉൾപ്പെട്ട ഫർണ്ണിച്ചറുകൾ മേൽ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ആയവ സിഡ്കോയിൽ നിന്ന നേരിട്ട് പർചേസ് ചെയ്യുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/29.07.23) മറുപടിക്ക് സിഡ്കോയുടെ ചെറുകിട യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സർക്കാർ/സർക്കാറിതര സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും ഫർണിഷിംഗ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനും സിഡ്കോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള 22.06.2018 സഉ (സാധാ) നം 1696/2018/തസ്വഭവ നമ്പർ ഉത്തരവാണ് ലഭ്യമാക്കിയത്. ഇത് അംഗീകരിക്കാവുന്നതല്ല.
സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കിയതിനാൽ ഈ ഇനത്തിലെ ചെലവ് ₹ 157447/- രൂപ തടസ്സം ചെയ്യുന്നു. പ്രൊജക്റ്റ് നടത്തിപ്പിലെ മേൽ അപാകതകൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി- നിർമ്മാണം പൂർത്തിയായിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി (357/23) എന്ന പ്രൊജക്റ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച് മുഴവൻ തുകയും കൈപറ്റിയിട്ടില്ലാത്ത വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ/തിയതി |
|---|---|---|---|
| 1 | ദിൽഷിത്ത് S/o രജനി | 50000+<br>75000 | 22151052033601254665/26.02.23<br>22151052033601357067/15.03.23 |
| 2 | സുഭാഷ് | 50000 | 22151052033601312488/07.03.23 |
| 3 | അമൻ നിവേദ് S/o മനോജ് | 50000+<br>75000 | 22151052033601312488/07.03.23<br>22151052033601539567/28.03.23 |
| 4 | പ്രഭാകരൻ | 50000 | 22151052033601326516/10.3.23 |
| 5 | സുധീഷ് സി | 50000+<br>75000 | 22151052033601381834/17.03.23<br>22151052033601539567/28.03.23 |
| 6 | അനിരുദ്ധൻ S/o സുജാത കെ | 50000 | 22151052033601427523/20.03.23 |
| 7 | അഭിഷേക് S/o കൃഷ്ണൻകുട്ടി | 50000 | 22151052033601513108/28.03.23 |
| 8 | നീതുമോൾ D/O നാരായണൻ | 50000 | 22151052033601513108/28.03.23 |
| 9 | ബിൽഷാജി S/o സൂരജ് | 50000 | 22151052033601513108/28.03.23 |
| | ആകെ | 675000 | |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 13/27.07.23) ന് ഫീൽഡ് തല അന്വേഷണം നടത്തി ഗുണഭോക്താക്കളെ മാനദണ്ഡങ്ങൾ അനുസരിച്ച് കണ്ടെത്തുന്നതിന് സമയം ആവശ്യമായി വന്നതുകൊണ്ട് നിർവ്വഹണത്തിന് കാലതാമസം വന്നതിനാലാണ് നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതിരുന്നതെന്നും 2023-24 വർഷം സ്പിൽ ഓവറായി പ്രവൃത്തികൾ തുടരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുഴുവൻ ഗുണഭോക്താക്കളുടെയും പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 26.02.2019 ലെ ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 10.03.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്. മൂന്ന് വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ട പദ്ധതി കാലയളവ് 2022 ഏപ്രിൽ മാസത്തോടെ അവസാനിച്ചെങ്കിലും സഉ(സാധാ)1751/2022/LSGD /21.07.22നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിശ്ചിത കാലയളവിനകം നേടുന്നതിൽ വിജയം കൈവരിക്കാനായില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 113

ആകെ അടങ്കൽ - 27736622

പദ്ധതിയുടെ സാമ്പത്തിക വിശകലനം

| ഫണ്ട് | I Year | II Year | III Year | Total |
|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 1224874 | 1224874 | 1224874 | 3674622 |
| പ്ലാൻ ഫണ്ട് | 11650000 | 9106000 | 3306000 | 24062000 |

വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 3013122 |
| ചികിത്സ | 426000 |
| ഭൂമി | 5100000 |
| ഭവന നിർമ്മാണം | 18400000 |
| വിദ്യാഭ്യാസം | 235500 |
| ഭവന പുനരുദ്ധാരണം | 550000 |
| വെള്ളം | 12000 |
| ആകെ | 27736622 |

ചെലവ്

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ 2022-23 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ചലഞ്ച് ഫണ്ട് | 2596079 | 1451328 |
| പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്) | 2000000 | 849855 |
| VEO മുഖേന ആനുകൂല്യം നൽകിയത് | ലഭ്യമല്ല | ലഭ്യമല്ല |
| പലിശ | 80123 | |

ചെലവിന്റെ ഇനം തിരിച്ച വിവരം

| | |
|---|---|
| ഭക്ഷണം | 2241183 |
| വിദ്യാഭ്യാസം | 60000 |

സ്ഥലം, വീട് , വീട് റിപ്പയർ എന്നീ ആവശ്യങ്ങൾക്ക് വി ഇ ഒ മുഖേന പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററോ മറ്റ് രേഖകളോ ഒന്നും തന്നെ സൂക്ഷിക്കുന്നില്ല. ചികിത്സ ,വെള്ളം തുടങ്ങിയ ആവശ്യങ്ങൾക്ക് നാളിതുവരെ പണമൊന്നും ചെലവഴിച്ചിട്ടില്ല എന്നാണ് ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാകുന്നത്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(1)അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്റ്റ് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്റ്റിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്റ്റ് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

ഭക്ഷണ കിറ്റ് വിതരണം ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ച് നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാ സമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

(2)പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.
(3) ലഭ്യമായ വിവരം അനുസരിച്ച് 20 ലക്ഷം പ്ലാൻ ഫണ്ട് തുക പിൻവലിച്ച് 849855 രൂപ മാത്രം ചെലവഴിച്ച് അവശേഷിക്കുന്ന തുക ആശ്രയ ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. പ്ലാൻ ഫണ്ട് പിൻവലിച്ച് സൂക്ഷിക്കുന്നത് സർക്കാർ വിലക്കിയിട്ടുള്ളതാണ്.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെയും പദ്ധതിയുടെ കാലയളവ് അവസാനിച്ചിരിക്കയാണ്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ തീരുമാനത്തിനനുസരിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 പച്ചക്കറി വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| ക്രമ നം. | പ്രൊജക്റ്റ് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 134/23 | പച്ചക്കറി കൃഷി വ്യാപനം- തൈ വിതരണം- ഞങ്ങളും കൃഷിയിലേക്ക് | 1,50,000 | 00970732/ 28-12-22 Rs. 1,50,000 | പച്ചക്കറി തൈകൾ 60,000 @ 2.50 = 1,50,000 (Invoice No. 247/27-12-22) |

| | | | | | |
|---|---|---|---|---|---|
| 2 | 135/23 | പച്ചക്കറി കൃഷി വികസനം- വനിതാ അടുക്കളത്തോട്ട നിർമാണം- ഞങ്ങളും കൃഷിയിലേക്ക് | 1,49,000 | 1) 01169379/9-2-23 Rs. 1,18,000<br>2) Rs. 31,000 (BC) | 1)പച്ചക്കറി തൈകൾ 10,000@ 2.50 = 25,000 (Invoice No. 256/27-1-23)<br>2)സമ്പുഷ്ട ജൈവവളം (Trichoderma Enriched) 4000Kg @ 25= 1,00,000(Invoice No.257/27-1-23)<br>3) സ്യൂഡമോണസ്, കുമ്മായം, വേപ്പിൻതൈല മിശ്രിതം 300kg+ 200 Bottles = 24,000 ( Invoice No. 258/27-1-23) |

അപാകതകൾ

1. കൃഷി ഓഫീസർ നിർവഹണം നടത്തിയ ഈ രണ്ടു പ്രൊജക്റ്റുകളിലും ഉൾപ്പെടുത്തി Pallikkal Agro Service Centre എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് തൈകൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല.

2) പ്രൊജക്റ്റ് നം. 135/23 പ്രകാരം സമ്പുഷ്ട ജൈവവളം വാങ്ങിയത് ജില്ലാ വികസന കമ്മീഷണർ നം.1212/2021-22 /ഡി.പി.സി./ഡി.പി.ഒ/എം.പി.എം പ്രകാരം ജില്ലാ തലത്തിൽ നിശ്ചയിച്ച യൂനിറ്റ് കോസ്റ്റായ (ക്രമ നം. 6) @16/Kg ക്ക പകരം @25/Kg നിരക്കിലാണ്. പ്രസ്തുത നിരക്ക്, ക്രമ നം. 11 പ്രകാരം സമ്പുഷ്ട കമ്പോസ്റ്റ് വളത്തിനുള്ളതാണ്.

അപാകതക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/2-8-2023 ന് മറുപടി ലഭിച്ചിട്ടില്ല.
അതിനാൽ ക്രമ നം. 2 -ൽ പരാമർശിച്ച പ്രകാരം വിലയിനത്തിൽ അധികം നൽകിയ (25-16)=9x4000Kg=36,000 രൂപ തിരിച്ചടക്കേണ്ടതാണ്. കൂടാതെ, ക്രമ നം. 1- ലെ അപാകതയ്ക്ക് സാധൂകരണം വാങ്ങുന്നതു വരെ ആകെ ചെലവു തുകയിൽ നിന്നും തിരിച്ചടവാക്കേണ്ട 36,000 രൂപ കഴിച്ചുള്ള (1,49,000-36,000 ) 1,13,000 രൂപ തടസ്സം ചെയ്യുന്നു.

## 1-35 ധാതുലവണമിശ്രിത വിതരണം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

വെറ്ററിനറി സർജൻ, താഴെ പറയുന്ന പ്രൊജക്റ്റ് പ്രകാരം Karnataka Antibiotics & Pharmaceuticals Ltd എന്ന കേന്ദ്ര സർക്കാർസംരംഭത്തിന്റെ ചുവടെ ചേർത്ത ടാക്സ് ഇൻവോയ്സുകൾ പ്രകാരം KALVIMIN GOLD എന്ന ധാതു ലവണ മിശ്രിതം വാങ്ങിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|
| 283/23 | ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിത വിതരണം | 1,20,000 | 01034394/12-1-23 Rs. 1,20,000 | 1) Invoice No. CHN-2023102286/17-1-23 Rs. 8,064- 72 Kg @ 112/kg<br>2) Invoice No. CHN-2023102033/23-12-22 Rs. 1,12,000- 1000 Kg @ 112/Kg |
| | | | ആകെ തൂക്കം | 1072 Kg |
| | | | ആകെ ചെലവ് | 1,20,064 Rounded To |

| | | | | | |
|---|---|---|---|---|---|
| | | | | 1,20,000 | |

അപാകതകൾ

1) ഇൻവോയ്സുകൾ ക്യാൻസൽ ചെയ്യുക, തുക പാസാക്കുക, സ്റ്റോക്കിലെടുത്ത വിവരം രേഖപ്പെടുത്തി ഒപ്പ് വയ്ക്കുക തുടങ്ങിയ അടിസ്ഥാന കാര്യങ്ങൾ നിർവഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടില്ല.

2) ക്രമ നം. 1 ലെ ഇൻവോയ്സിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല.

3) ക്രമ നം. 2 ലെ ഇൻവോയ്സിൽ സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് 53-ൽ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത പേജിൽ ഇൻവോയ്സിന്റെ വിവരമോ യഥാർത്ഥ അളവോ രേഖപ്പെടുത്തിയിട്ടില്ല. 1000 Kg യാണ് വാങ്ങിയതെങ്കിലും 112 Kg മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം സംബന്ധിച്ച് ഗുണഭോക്താക്കളുടെ പേരോ, പേരുള്ള മറ്റേതെങ്കിലും ഫയലോ രജിസ്റ്ററോ സൂചിപ്പിക്കാതെ, Issued To Beneficiaries എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ രേഖപ്പെടുത്തലും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) മുകളിൽ കാണിച്ച പ്രകാരം 1000 Kg വാങ്ങി 112 Kg മാത്രം വിതരണം ചെയ്തതിനാൽ അവശേഷിക്കുന്ന 888 Kg-യുടെ വില തിരിച്ചടക്കേണ്ടതാണ്.

5) പ്രൊജക്റ്റ് ഫയലിലോ ബില്ലിലോ വിതരണ വിവരം ചേർത്തിട്ടില്ല. ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.

6) സ.ഉ.(കൈ) നം. 115/2022/തസ്വഭവ തി:28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.3 ലെ ക്രമ നം. 10 പ്രകാരം ഈ പ്രൊജക്റ്റിന്റെ മാനദണ്ഡമായി കാലികളെ വളർത്തുന്ന കർഷകർക്കാണ് ഈ ആനുകൂല്യം നൽകേണ്ടത്. ഇതു തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല.

7) നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ഫയലുകളും രജിസ്ററുകളും വളരെ അലക്ഷ്യമായും ക്രമമില്ലാതെയുമാണ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. പ്രൊജക്റ്റ് അടിസ്ഥാനത്തിലോ ട്രഷറി ബിൽ ക്രമത്തിലോ, അല്ലെങ്കിൽ മൃഗ സംരക്ഷണ വകുപ്പിന്റെ ഔദ്യോഗിക നിർദ്ദേശത്തിൽ മറ്റു വിധത്തിൽ പരാമർശിക്കുന്നുണ്ടെങ്കിൽ അപ്രകാരമോ, രേഖകളും ഫയലുകളും ബൈന്റു ചെയ്തു സൂക്ഷിക്കുകയും, അവയ്ക്ക് വ്യക്തമായ ലേബലുകൾ എഴുതുകയും, രജിസ്റ്ററുകളിലെയും ഫയലുകളിലെയും രേഖപ്പെടുത്തലുകൾ പരസ്പരം റഫറൻസ് നടത്താവുന്ന വിധം കാര്യങ്ങൾ വ്യക്തമായി എഴുതി വയ്ക്കുകയും, അവ പരിശോധനക്ക് ഹാജരാക്കുകയുമാണ് ചെയ്യേണ്ടത്. ഓഡിറ്റ് തുടങ്ങിയ ശേഷം ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെടുമ്പോൾ മാത്രം രേഖകൾ ക്രമപ്പെടുത്താൻ ശ്രമിക്കുന്നതും ഫയലുകൾ വൈകി മാത്രം ഹാജരാക്കുന്നതും ശരിയായ നടപടിയല്ല. എല്ലാ ഫയലുകളും മുകളിൽ പരാമർശിച്ച പ്രകാരം ഹാജരാക്കേണ്ടതാണ്.

അപാകതക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/3-8-2023-ന് ലഭ്യമായ മറുപടിയിൽ കാൻസൽ ചെയ്തതും സ്റ്റോക്ക് റിപ്പോർട്ട് സഹിതമുള്ള ഇൻവോയ്സുകൾ ട്രഷറിയിൽ നൽകിയെന്ന് പറയുന്നു. പ്രസ്തുത രേഖകളുടെ പകർപ്പുകൾ ഓഫീസ് കോപ്പിയായി സൂക്ഷിക്കാത്തത് ഉചിത നടപടിയല്ല. സ്റ്റോക്ക് 112 ബോക്സിലായി വന്നതിനാൽ 112 കി. ഗ്രാം. എന്ന് തെറ്റായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ഇടയായതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അടുക്കും ചിട്ടയും പാലിക്കാതെയും കൃത്യമായ അനുബന്ധ രേഖകളുടെ അഭാവത്തിലും ഓഡിറ്റിന് രേഖകൾ ഹാജരാക്കുന്നത് ഒഴിവാക്കേണ്ടതാണ്. [ആയതിനാൽ 1000 Kg വാങ്ങി 112 Kg മാത്രം വിതരണം ചെയ്തതിനാൽ അവശേഷിക്കുന്ന 888 Kg-യുടെ വില (888x112) 99,456 രൂപ തിരിച്ചടക്കേണ്ടതാണ്].

## 1-36 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഉള്ള 799011400005206 നമ്പർ അക്കൗണ്ടിൽ 31.07.2023 ന് ₹ 654739യും ,SBI യുടെ കൊണ്ടോട്ടിശാഖയിലുള്ള 67235327499 നമ്പർ അക്കൗണ്ടിൽ 31.03.2023 ന് ₹67715 ചെലവഴിക്കാതെ അവശേഷിക്കുന്നു.

ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവ് വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ നീക്കിയിരിപ്പായ തുകകളുടെ വിവരം ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് എഞ്ചിനിയർക്ക് അനുവദിക്കുന്നത് എന്നതിനാൽ എഞ്ചിനിയർക്ക് അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

രണ്ട് അക്കൗണ്ടുകളിലുമായി ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.

മുൻ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചിരുന്നു എങ്കിലും അപാകത പരിഹരിക്കുന്നതിന് പഞ്ചായത്ത് നടപടി

ഒന്നും സ്വീകരിച്ചിട്ടില്ല.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 39/03.08.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-37 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിഓന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1.പരിശോധനക്ക് ഹാജറാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ തിയ്യതി, ബിൽ, വൗച്ചർ നമ്പർ , ചെലവിന്റെ വിശദ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2.കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

3.കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽത്തന്നെ തൻ വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

4.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനിയരുടെ ഓഫീസിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ക്ലർക്കിന്റെ സേവനം സാമ്പത്തിക വർഷം മുഴുവനായി ലഭ്യമായിട്ടും കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കാത്തത് ഗൗരവതരമായി വീക്ഷിക്കേണ്ടതുണ്ട്. കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് എഴുതി പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 39/03.08.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 ഇ. ടെണ്ടർ - ടെണ്ടർ ഫീപഞ്ചായത്തിൽ അടച്ചില്ല

2022-23 വർഷത്തിൽ പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 4/25.07.2023 ) മറുപടി ലഭ്യമാക്കിയത്.

ഇ-ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇ-ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ-ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-39 ഡ്രൈനേജ് പ്രവൃത്തി -മണ്ണ് നീക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പള്ളിക്കൽ പള്ളിപ്പറമ്പ് റോഡ് ഡ്രൈനേജ് ( 77/23 ) പ്രവൃത്തിയിൽ റോഡ് സൈഡിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിനായി മണ്ണ് നീക്കുന്നതിന് Mord Data 3.8.1 പ്രകാരം “ Excavation In Ordinary Rock By Manual Means” അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

പ്രവൃത്തി - പള്ളിക്കൽ പള്ളിപ്പറമ്പ് റോഡ് ഡ്രൈനേജ് ( 77/23 )

സാങ്കേതികാനുമതി - 90085/ 2021-22 Dt 03.03.2022 ( 409000 36.44% CI)

കരാറുകാരൻ - M/S ടെറസ് ഇൻഫ്രാസ്ട്രക്ചർ LLP

കരാർ - നമ്പർ ഇല്ല തി. 30.03.2022 (0.01% കുറവ് )

എം ബുക്ക്- 148/21-22

മൂല്യ നിർണ്ണയം- 358939.76 Ltd To 358903.87

ചെലവ് - 401972 (42200349/04.08.2022)

പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം 17m നീളത്തിലും 1.6 M വീതിയിലും 1.85+2.45/2 വീതിയിൽ മണ്ണ് എടുത്ത് മാറ്റിയതിന് 58.48 $M^3$ ന് 561.15 / $M^3$ നിരക്കിൽ ₹32816.05 കരാറുകാരന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

Excavation In Ordinary Rock എന്ന പ്രവൃത്തിക്ക് Mord Data പ്രകാരം മൂന്ന് വ്യത്യസ്ത നിരക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

| ഇനം | കരാർ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് നിരക്ക് (36.44% Cost Index |
|---|---|
| 3.8.1 - Excavation In Cutting In Soil By Manual Means | 561.15/ $M^3$ |
| 3.8.2 - Excavation In Cutting In Soil By Using Dozer | 100.1/ $M^3$ |
| 3.8.3 - Excavation In Cutting In Soil By Using Hydrolic Excavator | 65.37/ $M^3$ |

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

മേൽ പരാമർശിച്ച പ്രവൃത്തിയിൽ പഞ്ചായത്തിന്റെ റോഡ് അരികിൽ 15 മീറ്റർ നീളത്തിലും 1.7 M വീതിയിലും 2.2 M ആഴത്തിലും കുഴിയെടുത്ത് മണ്ണ് നീക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. റോഡ് അരികിൽ ഒന്നര മീറ്ററിലധികം വീതിയിലും, രണ്ട് മീറ്ററിലധികം ആഴത്തിലും കുഴിയെടുത്ത് മണ്ണ് നീക്കുന്നതിന് യന്ത്ര സംവിധാനം ഉപയോഗിക്കാൻ സാധിക്കുന്നതാണ്.

യന്ത്ര സംവിധാനം ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിന് സാധിക്കുന്ന പ്രവൃത്തികളിൽ അത് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കായിരുന്നു അനുവദിച്ച് നൽകേണ്ടിയിരുന്നത്. എന്നാൽ ഇതിനു പകരമായി മാന്വൽ രീതിയിൽ മണ്ണ് നീക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ച് നൽകുകയും അത്‌വഴി പ്രവൃത്തിക്ക് അധിക ചെലവുണ്ടാകുകയും ചെയ്തിട്ടുണ്ട്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/01.08.2023) ലഭ്യമാക്കിയ മറുപടിയിൽ കുഴിയുടെ ആഴം കൂടിയത് കാരണം പൂർണ്ണമായി യന്ത്ര സംവിധാനം ഉപയോഗിക്കാൻ സാധിക്കാത്തതിനാലാണ് മാന്വൽ നിരക്കിൽ പ്രവൃത്തി നടപ്പാക്കിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. യന്ത്ര സംവിധാനം ഉപയോഗിച്ച് നടപ്പാക്കാൻ സാധിക്കുന്ന പ്രവൃത്തികൾ അത്തരത്തിൽ തന്നെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ₹ 7325 തിരിച്ചടച്ചു

അസിസ്റ്റന്റ് എഞ്ചിനിയർ 2022-23 ൽ നടപ്പാക്കിയ വട്ടപ്പറമ്പ് അംഗൻ വാടി പുനരുദ്ധാരണം ( 38 / 23 ) എന്ന പ്രവൃത്തിയിൽ അംഗീകൃത എസ്റ്റിമേറ്റ് പ്രകാരമല്ലാതെ നടത്തിയ പ്രവൃത്തിക്ക് അധികം നൽകിയ തുക ₹ 7325 (റസീത് നം. 1230102147/07.08.23) ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടവാക്കി (എൻക്വയറി നം. 38/03.08.23).

## 1-41 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2022-23 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം " മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

അംഗൻവാടികളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് 2022-23 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പുളിയംപറമ്പ് അംഗൻവാടി മീറ്റിംഗ് ഹാളിലേക്ക് ഫർണിച്ചർ ( 140/23) എന്ന പ്രൊജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് അനുമതിയുള്ളവയല്ല എന്ന് കാണുന്നു.

ഇൻവോയ്സ് നം - PKD 179/22.12.2022 ₹ 115697

ചെലവ് - ₹ 115697 ( 42200709/ 31.12.2022 )

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | STEEL ARMED CHAIR WITH CUSHIONED SEAT & BACK EX: TYPE | 1 / 2896 | 3417.28 |
| 2 | EX: TABLE WITH ONE DRAWER & CUP BOARD ON BOTH SIDE MADE<br>FOR PRE-LAMINATED BOARD-150X75X75 CM | 1 / 7926 | 9352.68 |
| 3 | STEEL ALMIRAH WITH FOUR FIXED SHELVES 66"X44"X18" | 1/ 12674 | 14955.32 |
| | FIBRE ARMED CHAIR EX: TYPE | 6/ 786 | 5564.88 |
| | FIBRE ARM CHAIR | 104 / 563 | 69091.36 |
| | STEEL PLAIN TABLE 17 MM MUTLI-WOOD TOP 1 1/4X 1 1/4 189 SQ PIPE LEG WITH ANGLER FRAME 48X24X30 | 2/ 5642 | 13315.12 |

| | | | |
|---|---|---|---|
| | | Total | 115696.64 |

സർക്കാർ ഉത്തരവുകൾ പാലിക്കാതെ ARTCO മുഖേന വാങ്ങൽ നടത്തിയതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കുന്നത് വരെ സർക്കാർ ഉത്തരവിന് വിരുദ്ധമായ ചെലവ് ₹115697 തടസ്സം ചെയ്യുന്നു.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 22/31.07.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-42 സെക്യൂരിറ്റി ഡോപ്പോസിറ്റ് അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല

2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ (221/23) പ്രൊജക്റ്റിന്റെ ഭാഗമായി ഹിയറിംഗ് എയ്ഡ് വിതരണം ചെയ്ത സ്ഥാപനത്തിൽ നിന്നും ഈടാക്കിയ 43990/രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഡിമാന്റ് ഡ്രാഫ്റ്റ്, (നം 666346/30-03-2023) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം33(1)പ്രകാരം ക്യാഷ്,ചെക്ക്,ഡിമാന്റ് ഡ്രാഫ്റ്റ് എന്നീ രൂപങ്ങളിൽ സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. 3 മാസത്തിനു ശേഷം ഡിമാന്റ് ഡ്രാഫ്റ്റ് കാലഹരണപ്പെട്ട് പോകും എന്നുള്ളതിനാൽ മേൽ ഡിമാന്റ് ഡ്രാഫ്റ്റ് പണമാക്കി ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. അപാകത നിർവഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ഡിമാന്റ് ഡ്രാഫ്റ്റ് വാലിഡേറ്റ് ചെയ്ത് പഞ്ചായത്ത് അക്കൌണ്ടിൽ സൂക്ഷിക്കുന്നതാണെന്ന മറുപടിയാണ് വാക്കാൽ ലഭ്യമാക്കിയത്. .തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-43 സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം- അപാകതകൾ.

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര പരിപാടി ( 1/2023) പ്രൊജക്റ്റ് നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1.പദ്ധതിയുടെ ഭാഗമായി ആരോഗ്യ പ്രിയ കുടുംബശ്രീ യൂനിറ്റ്, മാവേലി സ്റ്റോർ പള്ളിക്കൽ എന്നിവ പഞ്ചായത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാർ ചമച്ചിട്ടില്ല.

2.പഞ്ചായത്തിൽ ന്യൂട്രിമിക്സ് വിതരണം ചെയ്ത ആരോഗ്യ പ്രിയ കുടുംബശ്രീ യൂനിറ്റിനെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

ഭക്ഷ്യധാന്യ വിതരണത്തിലെ മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/31.07.23) അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 ഐ.സി.ഡി.എസ്-കാഷ് ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

ICDS സൂപ്പർവൈസറുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1.കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2.പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3.കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.ICDS സൂപ്പർവൈസറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ യഥാസമയം കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-45 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി

ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്.

പ്രൊജക്ടിന്റെ വിവങ്ങൾ താഴെ നൽകുന്നു.

| പ്രൊജക്റ്റ് | ചെലവ് | കുറിപ്പ് |
|---|---|---|
| ഗവ.സ്കൂളുകളിൽ പെഡഗോഗി പാർക്ക് ലൈബ്രറി ഒരുക്കൽ ( 371/23 ) | 499988 (42201005/28.03.2023-₹101000, 42201003/28.03.2023-₹99988, 42201231/28.03.2023-₹299000 | ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തി, സാധനങ്ങൾ വാങ്ങൽ എന്നിവയാണ് പ്രൊജക്ടിന്റെ ഭാഗമായി നടപ്പാക്കിയത്. |
| ഗവ. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ്റൂം ഭൗതിക സാഹചര്യം ഒരുക്കൽ ( 370/23 ) | 200000 42201008/28.03.2023-₹200000 | പെയിന്റിംഗ് പ്രവൃത്തി, സാധനങ്ങൾ വാങ്ങൽ എന്നിവയാണ് പ്രൊജക്ടിന്റെ ഭാഗമായി നടപ്പാക്കിയത്. |
| ഗവ. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ്റൂം ഫർണിച്ചർ വാങ്ങൽ ( 371/23 ) | 399990 42201002/28.03.2023-₹399990 | ക്ലാസ്സ് റൂം ഫർണിച്ചർ വാങ്ങൽ ആണ് ചെയ്തത്. |
| ആകെ | 1099978 | |

പ്രൊജക്ടുകളുടെ നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1) സർക്കാർ അനുമതിക്ക് വിരുദ്ധമായി സാധനങ്ങൾ വാങ്ങി .

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി ARTCO നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്.(GO(RT) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 )

മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാതെ ഒരു സാധനവും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ താഴെ പരാമർശിക്കുന്ന സാധനങ്ങൾമേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല.

| പ്രൊജക്റ്റ് | വാങ്ങിയ സാധനം | ആകെ വില (നികുതി ഉൾപ്പെടെ) |
|---|---|---|
| ഗവ.സ്കൂളുകളിൽ പെഡഗോഗി പാർക്ക് ലൈബ്രറി ഒരുക്കൽ ( 371/23 ) | ഫൈബർ ആം ചെയർ ( 110 Nos @530 ) - | 68794 |
| | Steel Cabinet With 3 Fixed Shelves – 16 Nos @7438 (5mm Glass Door 135x90x43 Cm) | 140429.44 |
| | Desk Made For L Clamb &17mm Multiwood Fitting On Wall | 27612 |
| | Wall Fan 6 Nos@ | 16708 |
| | Pedestral Fan 2 Nos @ | 6136 |
| | Total | 259679.44 |
| ഗവ. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ്റൂം ഫർണിച്ചർ വാങ്ങൽ ( 371/23 ) | STEEL TABLE WITH A CUPBOARD AND INNER SHELVES 36"X24"X30" 20 GUAGE ( 4 Nos @3538) | 16699.36 |
| ആകെ 399990 | FIBRE ARM CHAIR 4 @ 540 | 2548.80 |

| | | |
|---|---|---|
| | COMPUTER COUNTER TABLE WITHDRAWER AND KEY BOARD MADE FOR PRE LAMINATED BOARD (1 Nos @ 4690 | 5534.20 |
| | STEEL TABLE WITH A DRAWER AN CUPBOARD ON BOTH SIDES 18MM PRE LAMINATED BOARD TOP 135X75X75 CM (1 Nos @ 6893 | 8133.74 |
| | MEDIUM BACK REVOLVING CHAIR WITH HYDROLIC LIFT - SPECIAL TYPE (1 Nos @ 5980 | 7056.40 |
| | SMART CLASS ROOM BACK REST BENCH AITH GI SHEET SEAT AND BACK WITH COLOURED PAINTING 120X30X30/35 (45 Nos @ 2830) | 150273 |
| | SMART SHELVES DESK WITH GI SHEET TOP WITH COLOURED PAINTING AND SHELVES MADE FOR PRE LAMINATED BOARD 120X40X60/65 (45Nos @ 3950) | 209745 |
| | TOTAL | 399990.5 |
| ഗവ. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ്റൂം ഭൗതിക സാഹചര്യം ഒരുക്കൽ ( 370/23 ) | STEEL FOOTWEAR STAND MADE FOR OLD MATERIAL WITH COLOR PAINTING 2LAYER 180X35X50CM ( 7 Nos @ 1980) | 16354.80 |
| | WOODEN DAINING DESK MADE FOR OLD MATERIAL WITH COLOR PAINTING, COVERING WITH RESKIN SHEET ( 15 Nos @ 1540) | 27258 |
| | WOODEN DAINING BENCH MADE FOR OLD MATERIAL WITH COLOR MATERIAL( 20 Nos @ 980) | 23128 |
| | OLD FURNITURE DESK & BENCH REPAIR WITH PAINTING IN GMLPS KUMMINIPARAMBA ( 1 Nos @ 16500) | 19470 |
| | TOTAL | 86210.8 |

ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയില്ലാത്ത സാധനങ്ങൾ ടെണ്ടർ നടപടി പാലിക്കാതെ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതും, വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തതിന്റെയും സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

2) പ്രവൃത്തി നടത്തിപ്പ് - സർക്കാർ ഉത്തരവ് പാലിച്ചില്ല .

അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ GO(P) 67/2021/Fin Dt 28.04.2021 ഉത്തരവ് പ്രകാരം അംഗീകരിച്ചതാണ്.

മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- അതാത് പ്രവൃത്തിക്ക് ബാധകമായ ഷെഡ്യൂൾ നിരക്ക്, കോസ്റ്റ് ഇൻഡക്സ് എന്നിവക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ( Para 8.2 )
- അക്രഡിറ്റഡ് ഏജൻസി (Non PMC) നേരിട്ട് നടപ്പാക്കുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താൻ പാടില്ല.
- ഗവ അക്രഡിറ്റഡ് ഏജൻസികൾ നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് അതാത് സ്ഥാപനങ്ങളും, നോൺ ഗവ അക്രഡിറ്റഡ് ഏജൻസികൾ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശ പ്രകാരമുള്ള സമിതികളുമാണ് സാങ്കേതികാനുമതി നൽകേണ്ടത്.
- KPWD/ CPWD മാന്വൽ, പ്രസക്തമായ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പാലിച്ചാണ് പ്രവൃത്തി നടപ്പാക്കേണ്ടത്. സാധനങ്ങളുടെ സംഭരണം ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ കേരള സ്റ്റോർ പർച്ചേസ് മാന്വലിന് അനുസൃതമായിട്ടായിരിക്കണം സംഭരണം നടത്തേണ്ടത്. ( Para 12.1 & 14.1 )

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച് GO(P)77/2019 /Fin Dt04.07.2019 Or GO(P) 104/2022/fin Dt 02.09.2022 പ്രകാരം Interior Furnishing പ്രവൃത്തി നടത്തുന്നതിനുള്ള Non PMC ആയാണ് ARTCO ക്ക് അക്രഡിറ്റേഷൻ നൽകിയത്.

പ്രവൃത്തി നടത്തിപ്പ് പരിശോധിച്ചതിൽ മേൽ പരാമർശിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പ്രവൃത്തികൾ നടപ്പാക്കിയത് എന്ന് വ്യക്തമായി.

പ്രൊജക്ടുകളുടെ ഭാഗമായി താഴെ പരാമർശിക്കും പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട് | പ്രവൃത്തി | നികുതി ഉൾപ്പെടെ ആകെ ചെലവ് |
|---|---|---|
| ഗവ.സ്കൂളുകളിൽ പെഡഗോഗി പാർക്ക് ലൈബ്രറി ഒരുക്കൽ ( 371/23 ) | ലൈബ്രറി ഹാൾ സീലിംഗ് പ്രവൃത്തി ( 939 Sqft) | 208307.76 |
| | ക്ലോത്ത് കർട്ടൻ സ്ഥാപിക്കൽ ( 3600x135 Cm) | 22573.40 |
| | Electrical Work | 9558 |
| | Total | 240439.16 |
| ഗവ. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ്റൂം ഭൗതിക സാഹചര്യം ഒരുക്കൽ ( 370/23 ) | CLASS ROOM PAINTING WORK ( 1 Nos @ 10500) | 12390 |
| | SMART CLASS ROOM PAINTING & DRAWING WORK ( 1 Nos @ 86000) | 101480 |
| | TOTAL | 113870 |

അപാകതകൾ താഴെ നൽകുന്നു.

1.പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2.മരാമത്ത് പ്രവൃത്തി നടത്തുന്നതിന് കേരള PWD മാന്വൽ പ്രകാരമുള്ള യാതൊരു നടപടികളും പാലിച്ചിട്ടില്ല.

3.ARTCO നൽകിയ ബിൽ പ്രകാരമുള്ള പ്രവൃത്തികൾ നടത്തിയത് പരിശോധന നടത്തി അർഹതപ്പെട്ട അധികാരസ്ഥാനം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.പ്രവൃത്തി നടത്തിയതിന്റെ വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്താത്ത ഒരു ബില്ലിന്റെ അടിസ്ഥാനത്തിൽ ARTCO ക്ക് പണം നൽകുകയാണ് ചെയ്തത്.

അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി നടത്തുന്നതിനുള്ള സർക്കാർ ഉത്തരവ്, ARTCOയിൽ നിന്ന് ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ് എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രൊജക്ട് നടപ്പാക്കിയതിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( 25,26/31.07.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കിയതിനാൽ ഈ ഇനത്തിലെ ചെലവ് ₹10,99,978 തടസ്സം ചെയ്യുന്നു. പ്രൊജക്ട് നടത്തിപ്പിലെ മേൽ അപാകതകൾക്ക് സർക്കാരിൽ നിന്ന് സാധൂകരണം നേടി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-46 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ്.എസ്.കെ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് പ്രകാരം ₹ 1400000 State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022 ) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ നൽകുന്നു

1. എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)
2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ

എസ് എസ്.കെ. പ്രാക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. ( ഖ 8.6.4)

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

- പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചിട്ടില്ല
- വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- പ്രൊജക്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം / രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 27/31.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച രേഖകൾ പരിശോധനക്ക് ഹാജറാക്കാത്തതിനാൽ ചെലവ് തുക ₹14,00,000 തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പച്ചക്കറി വികസനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| ക്രമ നം. | പ്രൊജക്ട് നം. | പേര് | ആകെ ചെലവ് | BR No. & Amount | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 134/23 | പച്ചക്കറി കൃഷി വ്യാപനം- തൈ വിതരണം- ഞങ്ങളും കൃഷിയിലേക്ക് | 1,50,000 | 00970732/ 28-12-22 Rs. 1,50,000 | പച്ചക്കറി തൈകൾ 60,000 @ 2.50 = 1,50,000 (Invoice No. 247/27-12-22) |
| 2 | 135/23 | പച്ചക്കറി കൃഷി വികസനം- വനിതാ അടുക്കളത്തോട്ട നിർമാണം- ഞങ്ങളും കൃഷിയിലേക്ക് | 1,49,000 | 1) 01169379/9-2-23 Rs. 1,18,000<br>2) Rs. 31,000 (BC) | 1)പച്ചക്കറി തൈകൾ 10,000@ 2.50 = 25,000 (Invoice No. 256/27-1-23)<br>2)സമ്പുഷ്ട ജൈവവളം (Trichoderma Enriched) 4000Kg @ 25= 1,00,000(Invoice No.257/27-1-23)<br>3) സ്യൂഡമോണസ്, കുമ്മായം, വേപ്പിൻതൈല |

| | | | | | |
|---|---|---|---|---|---|
| | | | | | മിശ്രിതം 300kg+ 200 Bottles = 24,000 ( Invoice No. 258/27-1-23) |

അപാകതകൾ

1. കൃഷി ഓഫീസർ നിർവഹണം നടത്തിയ ഈ രണ്ടു പ്രൊജക്ടുകളിലും ഉൾപ്പെടുത്തി Pallikkal Agro Service Centre എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരിക്കുകയാണ്. ഈ സ്ഥാപനം സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ അംഗീകരിച്ച നേരിട്ട് തൈകൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനമല്ല.

2) പ്രൊജക്ട് നം. 135/23 പ്രകാരം സമ്പുഷ്ട ജൈവവളം വാങ്ങിയത് ജില്ലാ വികസന കമ്മീഷണർ നം.1212/2021-22 /ഡി.പി.സി./ഡി.പി.ഒ/എം.പി.എം പ്രകാരം ജില്ലാ തലത്തിൽ നിശ്ചയിച്ച യൂനിറ്റ് കോസ്റ്റായ (ക്രമ നം. 6) @16/Kg ക്ക പകരം @25/Kg നിരക്കിലാണ്. പ്രസ്തുത നിരക്ക്, ക്രമ നം. 11 പ്രകാരം സമ്പുഷ്ട കമ്പോസ്റ്റ് വളത്തിനുള്ളതാണ്.

അപാകതക്ക് വിശദീകരണം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/2-8-2023 ന് മറുപടി ലഭിച്ചിട്ടില്ല.
അതിനാൽ ക്രമ നം. 2 -ൽ പരാമർശിച്ച പ്രകാരം വിലയിനത്തിൽ അധികം നൽകിയ (25-16)=9x4000Kg=36,000 രൂപ തിരിച്ചടക്കേണ്ടതാണ്. കൂടാതെ, ക്രമ നം. 1- ലെ അപാകതയ്ക്ക് സാധൂകരണം വാങ്ങുന്നതു വരെ ആകെ ചെലവു തുകയിൽ നിന്നും തിരിച്ചടവാക്കേണ്ട 36,000 രൂപ കഴിച്ചുള്ള (1,49,000-36,000 ) 1,13,000 രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2022-23 | 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 628500 | 133/23 ഐ ഇ ഡിസി സ്കോളർഷിപ്പ് | 628500 | 0 |
| | 1250000 | 136/23 ലൈഫ് ഭവന പദ്ധതി ജനറൽ | 1250000 | 0 |
| | 2140000 | 141/23 ലൈഫ് ഭവന പദ്ധതി എസ് സി | 2140000 | 0 |
| | 200000 | 146/23 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 288000 | 133/23 ഐ ഇ ഡിസി സ്കോളർഷിപ്പ് | 288000 | 0 |
| | 990000 | 136/23 ലൈഫ് ഭവന പദ്ധതി ജനറൽ | 990000 | 0 |
| | 260000 | 141/23 ലൈഫ് ഭവന പദ്ധതി(എസ് സി) | 260000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെല വഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 278/23 മണക്കാട്ട് അമ്പലം കോഴിപ്പുറം എച് ടി ലൈൻ മാറ്റി സ്ഥാപിക്കൽ | 22200494 Dtd 31-08-22 | 46301 | 46301 | പൂർത്തീകരിച്ചു. | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (കൈ) 68/2018 തിയതി 18.05.2018 | 0 | 3952000 | 1655838 | 0 | 2296162 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 24982257 |
| തൻവർഷം നിക്ഷേപിച്ച തുക | 1686303 |
| ആകെ | 26668560 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 26668560 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 13446921 | 0020140012707/25.07.22 |
| പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 2845245 | 0020140012935/2.11.22 |
| പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 3446442 | 0020140013011/21.01.23 |

| | | |
|---|---|---|
| പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 6929952 | 0020140013010/21.1.23 |
| | 26668560 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2022-23 | Enquiry No 31/21-22 | 9177 | മെഡിക്കൽ ഓഫീസർ പി എച് സി പള്ളിക്കൽ | 1220101130തിയതി 18/11/2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 30 (1) | 2003-04 | 3-10-13 | ടാർ വാങ്ങലിൽ ക്രമക്കേട് | നടപടി തുടരുന്നു |
| 1998-99 | 38 (5) | 2003-04 | - | ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കിയത്. | നടപടി തുടരുന്നു |
| 1998-99 | 45 | 2003-04 | - | മൈത്രി ഭവന നിർമ്മാണം. | നടപടി തുടരുന്നു |
| 1998-99 | 53 | 2003-04 | - | അങ്കണവാടി കുക്കുസ് നിർമ്മാണം | നടപടി തുടരുന്നു |
| 1999-2000 | 40 | 2003-04 | - | വീട് റിപ്പയർ | നടപടി തുടരുന്നു |
| 1999-2000 | 43 | 2003-04 | - | വനിത വ്യവസായ കേന്ദ്രം സ്ഥാപിക്കൽ | നടപടി തുടരുന്നു |
| 2014-15 | 2(1) | 2016-17 | - | - | നടപടി തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവ റിയിലൂടെ ഈടാ ക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടു ത്തിയിട്ടുണ്ടോ | കോടതി വ്യവഹാര ങ്ങളില് | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2010-11 | 3-4, 3-11 | ശ്രീ. സി.കെ. മോഹൻദാസ് | LF.17737/ Spl.Cell/CSC /D1/13 Dt.15.12.2016 | 57,18,895 | അടവാക്കി യിട്ടില്ല | ഇല്ല | ഇല്ല | 0 | 0 | 0 | 5718895 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻ ബാക്കി ഉൾപ്പെടെ) | 14,28,55,697 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,28,10,409 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 36000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4035517 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 36000 | ശ്രീ മൃദുൽ വിനോദ് കൃഷി ഓഫീസർ, |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 770579 | ശ്രീ. ഷമിൽ .ഇ, സെക്രട്ടറി |
| 1-25 | 343816 | ശ്രീ. ഷമിൽ .ഇ, സെക്രട്ടറി |
| 1-29 | 35000 | ശ്രീ. ഷമിൽ .ഇ, സെക്രട്ടറി |
| 1-31 | 157447 | ശ്രീ സന എസ് ആർ,അസി.സെക്രട്ടറി |
| 1-34 | 113000 | ശ്രീ. മൃദുൽ വിനോദ്.പി, കൃഷി ഓഫീസർ |
| 1-41 | 115697 | ശ്രീമതി ജയശ്രീ പി കെ, ഐസിഡിഎസ് ഓഫീസർ |
| 1-45 | 1099978 | ശ്രീമതി പങ്കജവല്ലി കെ, ഹെഡ് മാസ്റ്റർ |
| 1-46 | 1400000 | ശ്രീമതി പങ്കജവല്ലി കെ, ഹെഡ് മാസ്റ്റർ |
| ആകെ | 4035517 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ മൃദുൽ വിനോദ്<br>കൃഷി ഓഫീസർ, | കൃഷി ഓഫീസർ,<br>പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | മയൂര ഹൗസ്, പാറമ്മൽ-673631 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86 | കെ.എസ്.എ.എം.പി.എം26/764/19തിയ്യതി 4.02.2019 | 6 |
| 2 | 1991-92 92-93 | എൽ.എഫ്.എം07/1780/94 തിയ്യതി 30.07.1994 | 9 |
| 3 | 1993-94 | എൽ.എഫ്.എം07/1773/03 തിയ്യതി 18.11.2003 | 14 |
| 4 | 1996-97 | എൽ.എഫ്.എം07/659/01 തിയ്യതി 06.07.2005 | 15 |
| 5 | 1997-98 | എൽ.എഫ്.എം12/1466/01 തിയ്യതി 18.11.2003 | 31 |
| 6 | 1998-99 | എൽ.എഫ്.എം07/1467/01 തിയ്യതി 18.02.2005 | 31 |
| 7 | 1999-00 | എൽ.എഫ്.എം07/1766/03 തിയ്യതി 18.01.2003 | 18 |
| 8 | 2000-01 | എൽ.എഫ്.എം07/1878/05 തിയ്യതി 29.09.2006 | 20 |
| 9 | 2001-02 | എൽ.എഫ്.എം14/744/06 തിയ്യതി 26.09.2006 | 15 |
| 10 | 2002-03 | എൽ.എഫ്.എം14/567/08 തിയ്യതി 18.12.2008 | 05 |
| 11 | 2003-04 | എൽ.എഫ്.എം14/568/08 തിയ്യതി 18.12.2008 | 13 |
| 12 | 2004-05 | എൽ.എഫ്.എം14/1789/08 തിയ്യതി 04.03.2009 | 02 |
| 13 | 2005-06 | എൽ.എഫ്.എം14/1777/08 തിയ്യതി 14.03.2009 | 03 |
| 14 | 2006-07 | എൽ.എഫ്.എം14/1652/09 തിയ്യതി 09.06.2010 | 9 |
| 15 | 2007-08 | എൽ.എഫ്.എം06/807/12 തിയ്യതി 06.06.2012 | 12 |
| 16 | 2008-09 | എൽ.എഫ്.എം06/808/12 തിയ്യതി 06.06.2012 | 9 |
| 17 | 2009-10 | എൽ.എഫ്.എം06/809/12 തിയ്യതി 06.06.2012 | 4 |
| 18 | 2010-11 | കെഎസ്എഎംപി എം26/280/22 തിയ്യതി 5-7-22 | 4 |
| 19 | 2011-12 & 2012-13 | കെഎസ്എഎംപി എം26/216/22 തിയ്യതി 2-7-22 | 1 |
| 20 | 2013-14, & 2014-15 | കെ.എസ്.എ.എം.പി.എം06/1897/15 തിയ്യതി 10.09.2015 | 14 |
| 21 | 2015-16 | കെ.എസ്.എ.എം.പി.എം26/2455/2016 തിയ്യതി 13.03.2017 | 16 |
| 22 | 2016-17 | കെ.എസ്.എ.എം.പി.എം26/2790/2019തിയ്യതി 13.7.22 | 16 |
| 23 | 2017-18 | കെ.എസ്.എ.എം.പി.എം.26/2597/2018 തിയ്യതി 21-03-2019 | 24 |
| 24 | 2018-19 | കെ.എസ്.എ.എം.പി.എം.26/66/22 തിയ്യതി 20-04-22 | 10 |
| 25 | 2019-20 | കെ.എസ്.എ.എം.പി.എം.26/539/22 തിയ്യതി 24-9-22 | 18 |
| 26 | 2020-21 | കെ.എസ്.എ.എം.പി.എം.26/540/22 തിയ്യതി 19.10.22 | 18 |
| 27 | 2021-22 | കെ.എസ്.എ.എം.പി.എം.26/2379/22 തിയ്യതി 13.04.23 | 16 |

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pallikkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pallikkal Grama Panchayat for the year 2022-2023

Date: 08/09/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Pallikkal Grama Panchayat for the Year 2022-2023.

**1.Major Observations**

The following mandatory financial statements prescribed in accounting rules are not submitted for audit

i. Ratios
ii. Notes on accounts
iii. Comparative amounts

**2.Other Observations**

1.Asset Register is not upto date and hence not reliable for audit

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Opening balance of receipt and payment is not matched with last year closing balance

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്